മി. സ്പീക്കർ : ചർച്ച ആരംഭിക്കുന്നു. സബ്മിഷൻ സമയം കാണിച്ച ആത്മസംയമനം ചർച്ചയിലും കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. കെ. ടി. ജലീൽ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 10-ാം ക്ലാസുവരെ സൗജന്യ വിദ്യാഭ്യാസം യഥാർത്ഥ്യമാക്കിയ സംസ്ഥാനമാണ് കേരളം. 10-ാം ക്ലാസിൽ ഉപരിപഠനത്തിന് യോഗ്യത നേടുന്ന വിദ്യാർത്ഥികൾക്ക് (ഏതാണ്ട് എല്ലാവർക്കും) +2, ഐ.റ്റി.ഐ., പോളിഡിപ്ലോമ, വി.എച്ച്.എസ്.ഇ. തുടങ്ങിയ കോഴ്സുകൾക്ക് ചേർന്ന് പഠിക്കാനുള്ള സൗകര്യം കേരളത്തിൽ ആയിക്കഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മലബാറിൽ മാത്രം 180 പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിച്ചതോടെയാണ് ഉപരിപഠന സാദ്ധ്യതയുടെ കവാടം കേരളത്തിൽ വിപുലമായത്. ആ കാലയളവിൽ തന്നെ 35 ഗവൺമെന്റ് ഐ.റ്റി.ഐ. കളും 150-ഓളം സ്വകാര്യ ഐ.റ്റി.സി.കളും സംസ്ഥാനത്ത് അനുവദിക്കുകയുണ്ടായി. പുതിയ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ അനുവദിക്കുന്നതിൽവന്ന 15 വർഷക്കാലതാമസം അവസാനിപ്പിച്ചുകൊണ്ടാണ് ഈ വിപ്ലവം തൊഴിലധിഷ്ഠിന വിദ്യാഭ്യാസ രംഗത്തുണ്ടായത്. ഈ സർക്കാർ പുതിയ 5 ഹയർ സെക്കന്ററി സ്കൂളുകളും നിലവിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ കോഴ്സുകളും ആരംഭിച്ചു. പുതിയ ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചെങ്കിലും അനദ്ധ്യാപക തസ്തികകൾ ഇതുവരെയും അനുവദിച്ചിട്ടില്ല. 2009-ൽ ആരംഭിച്ച +2 സ്കൂളുകളിൽ ലാബ് അസിസ്റ്റന്റ് ഉൾപ്പെടെയുള്ള അനദ്ധ്യാപക തസ്തികകൾ ഇല്ലാത്തതുകൊണ്ട് വലിയ ബുദ്ധിമുട്ടിലാണ്. പ്രസ്തുത സ്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഇതിന്റെ വൈഷമ്യം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ ഉണ്ടാകണം. അദ്ധ്യാപകരെ താൽക്കാലികാടിസ്ഥാനത്തിൽ ദിവസവേതനത്തിന് നിയമിക്കാൻ

അനുമതിയുണ്ടെങ്കിലും അനദ്ധ്യാപകരെ ഇങ്ങനെ നിയമിക്കാൻ പോലും ഇപ്പോൾ വ്യവസ്ഥയില്ല. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസുവരെ യുള്ള കേരളത്തിന്റെ ഈ വിദ്യാഭ്യാസ മികവ് ഉന്നത വിദ്യാഭ്യാസ രംഗ ത്തേയ്ക്ക് വ്യാപിപ്പിക്കാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. പൊതുവി ദ്യാഭ്യാസത്തിന്റെ ഭാഗമായി സർക്കാർ മുൻകൈ എടുത്തുകൊണ്ട് പുതിയ കോളേജുകൾ ആരംഭിക്കണം. ഒരുപാട് വർഷത്തെ ഇടവേളയ്ക്ക് ശേഷം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിൽ ആരംഭിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5 മെഡിക്കൽ കോളേജുകൾ സർക്കാർ മേഖലയിൽ ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഇതി നുപുറമേ എസ്.സി./എസ്.റ്റി. ഡിപ്പാർട്ടുമെന്റ് പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങുമെന്നും വകുപ്പുമന്ത്രി ശ്രീ. എ.പി. അനിൽകുമാർ പറയുകയുണ്ടായി. എന്നാൽ മേൽ മെഡിക്കൽ കോളേജു കൾ പി.പി.പി. അടിസ്ഥാനത്തിൽ ആകുമെന്ന് വ്യാഖ്യാനമുണ്ടായി. ഇവ നേരത്തേ പ്രഖ്യാപിച്ച പോലെ സർക്കാർ ഉടമസ്ഥതയിൽ തന്നെ ആവണം. ഇനി സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾ മതിയെന്ന രൂപ ത്തിലാണ് സർക്കാരിന്റെയും സർവ്വകലാശാലകളുടെയും നീക്കമെന്നാണ് സൂഷ്മമായി വിലയിരുത്തുമ്പോൾ മനസ്സിലാവുക. അനിവാര്യമായ തിന്മ എന്ന നിലയിലല്ലാതെ സാമൂഹ്യബോധമുള്ള ആർക്കും സ്വാശ്രയ വിദ്യാഭ ്യാസത്തെ അംഗീകരിക്കാൻ ആവില്ല. വിദ്യാഭ്യാസം കച്ചവടവൽക്കരിക്ക പ്പെടുമ്പോൾ പുതിയ തലമുറയുടെ മനസ്സും കച്ചവടവൽകൃതമാകുക സ്വാ ഭാവികമാണ്. ഒരു സ്വാശ്രയ കോളേജിൽ നിന്ന് പഠനം പൂർത്തിയാക്കി ഡൽഹിയിൽ ജോലി കിട്ടിയ മകനിൽ നിന്നുണ്ടായ ഒരു തിക്താനുഭവം ഒരു പിതാവ് പങ്കുവച്ചത് ഞാൻ സാന്ദർഭികമായി ഓർക്കുകയാണ്. ഡൽഹിയിലെ ജോലിക്ക് ആദ്യമാസം ലഭിച്ച ശമ്പളത്തിൽ നിന്ന് 5,000 രൂപയുടെ ഡ്രാഫ്റ്റ് എടുത്ത് മകൻ പിതാവിന് അയച്ചുകൊടുത്തു. അതിന്റെ കൂടെ ഒരു കത്തും അടക്കം ചെയ്തിരുന്നു. ആ കത്തിലെ വാച

കങ്ങളാണ് ആ പിതാവിനെ വല്ലാതെ വേദനിപ്പിച്ചത്. My dear Father, I am sending you a draft of rupees five thousand. This is the part payment of the loan which you have deposited for my education; എന്റെ പ്രിയപ്പെട്ട പിതാവേ, ഞാൻ ഇതിന്റെ കൂടെ 5,000 രൂപയുടെ ഡ്രാഫ്റ്റും കൂടി അയയ്ക്കുന്നു. എന്റെ വിദ്യാഭ്യാസ ചെലവിലേയ്ക്ക് കടമായി അങ്ങ് നിക്ഷേപിച്ച തുകയിലേയ്ക്കുള്ള ആദ്യഗഡുവാണിത്. നമ്മുടെ നാട്ടിൽ സ്വാശ്രയ വിദ്യാഭ്യാസം, കച്ചവടവത്ക്കരിക്കപ്പെട്ട വിദ്യാഭ്യാസം പിതൃപുത്ര ബന്ധങ്ങളിൽപ്പോലും പണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടേണ്ട ഒന്നാണ് എന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയാണ്. ഈ ഭീകരമായ സാഹചര്യം വിദ്യാഭ്യാസത്തിന്റെ കച്ചവടവത്ക്കരണമാണ് വിളിച്ചോതുന്നത്. ഇതിൽനിന്ന് നമ്മുടെ നാടിന് മുക്തി വേണ്ടേ? നമ്മൾ ഓരോരുത്തരും പുതിയ വ്യവസ്ഥിതിയുടെ ഇരകളാകുമ്പോൾമാത്രമേ നമുക്കതിന്റെ വിഷമം മനസ്സിലാകൂ. വിദേശ സർവ്വകലാശാലകളുടെ കടന്നുകയറ്റം വരുന്നതോടെ വിദ്യാഭ്യാസം കൊണ്ട് നമ്മൾ അർത്ഥമാക്കുന്ന നന്മയും മൂല്യവുമെല്ലാം അപ്രത്യക്ഷമാകും. വിദേശ സർവ്വകലാശാലകൾ വരുന്നുവെന്നുപറയുമ്പോൾ ഓക്സ്ഫോർഡും കേംബ്രിഡ്ജും കേരളത്തിലേയ്ക്ക് പറിച്ച് നടപ്പെടുന്നുവെന്ന് ആരും ധരിക്കേണ്ടതില്ല. എന്നാൽ വ്യാജ പ്രചരണങ്ങളാണ് ഈ രംഗത്ത് ബോധപൂർവ്വം നടത്തപ്പെട്ടുകൊണ്ടിരിക്കുന്നത്. വിദേശ സർവ്വകലാശാലകൾ വരുന്നുവെന്ന മറവിൽ നാലാംകിട വിദേശ സർവ്വകലാശാലകളാണ് നമ്മുടെ സംസ്ഥാനത്തേയ്ക്ക് കടന്നുവരാൻ പോകുന്നത്. ആ സർവ്വകലാശാലകളിൽ നിശ്ചയിക്കുന്ന ഫീസിനുമേൽ യാതൊരു നിയന്ത്രണവും നമുക്കുണ്ടാവില്ല. നമ്മൾ പല കോഴ്സുകളിലേയ്ക്കും നിശ്ചയിച്ചിരിക്കുന്ന മിനിമം മാർക്ക് വിദേശ യൂണിവേഴ്സിറ്റികൾ മാനദണ്ഡമായി സ്വീകരിച്ചുകൊള്ളണമെന്നില്ല. എസ്.സി./എസ്.ടി. വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗങ്ങൾക്കും സമുദായങ്ങൾക്കും ഈ സർവ്വകലാശാല നടത്തുന്ന കോഴ്സുകളിൽ സംവരണം ഉറപ്പാക്കുമെന്ന യാതൊരു വ്യവസ്ഥയും നിലവിലില്ല.

ഇവർ കൊടുക്കുന്ന ബിരുദവും ബിരുദാനന്തര ബിരുദവും പി.എസ്.സി.യും യു.പി.എസ്.സി.യും അംഗീകരിക്കേണ്ടിവരുന്ന സാഹചര്യമുണ്ടാകും. വളരെ ഗഹനമായ ആലോചനകൾക്കുശേഷമേ വിദേശ സർവ്വകലാശാലകൾക്ക് നമ്മുടെ നാട്ടിൽ വിഹരിക്കുവാനുള്ള സൗകര്യമൊരുക്കിക്കൊടുക്കാവൂ എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഇന്ത്യൻ മനസ്സും മസ്തിഷ്കവുമുള്ള പൗരന്മാരെയാണ് നമുക്കാവശ്യം. അല്ലാതെ ഇന്ത്യൻ ശരീരവും വിദേശ മനസ്സും മസ്തിഷ്കവുമുള്ള പൗരന്മാരെയല്ല നമുക്കാവശ്യമെന്ന് ഇനിയെങ്കിലും നാം മനസ്സിലാക്കേണ്ടതുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് 150 കോടി രൂപയുടെ അഴിമതിക്കാണ് സർക്കാരിന്റെ ഒരു തീരുമാനംമൂലം വഴിയൊരുങ്ങാൻ പോകുന്നത്. ഇക്കാലമത്രയും കേരളത്തിൽ അഖിലേന്ത്യാ അലോട്ട്മെന്റ് കഴിഞ്ഞേ സംസ്ഥാനത്തെ മൂന്നാമത്തെ അലോട്ട്മെന്റ് നടത്തി വരാറുള്ളൂ. ഇങ്ങനെ വരുമ്പോൾ സെൻട്രൽ അലോട്ട്മെന്റിൽ ഒഴിവ് വരുന്ന സീറ്റിൽ മെരിറ്റ് ലിസ്റ്റിലുള്ള കുട്ടികൾക്ക് പ്രവേശനം ലഭിക്കും. എന്നാൽ ഇപ്പോൾ സെൻട്രൽ അലോട്ട്മെന്റ് തീരുന്നതിനുമുമ്പുതന്നെ സംസ്ഥാനത്തെ മൂന്ന് അലോട്ട്മെന്റുകളും തീരാൻപോകുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ചില പത്രങ്ങളിൽ വന്ന വാർത്ത കണ്ടുകൊണ്ട് അങ്ങ് ഇങ്ങനെ പറയരുത്. അതുകൊണ്ടാണ് ഞാൻ ഇടയ്ക്ക് ഇടപെട്ടത്. കാരണം പത്രങ്ങളിൽ ഈ വർത്ത വരുന്നുണ്ട്. അത് തികച്ചും തെറ്റായിട്ടുള്ള സംഗതിയാണ്. ഇപ്പോൾ മെഡിസിന്റെ രണ്ടാമത്തെ അലോട്ട്മെന്റ് കഴിഞ്ഞു. സെൻട്രൽ അലോട്ട്മെന്റിന്റെ ആദ്യത്തെ അലോട്ട്മെന്റ് വരുന്നത് ആഗസ്റ്റ് മാസം 3-ാം തീയതിയാണ്. ആ 3-ാം തീയതി കഴിഞ്ഞിട്ടേ നമ്മുടെ മൂന്നാമത്തെ അലോട്ട്മെന്റ് വരികയുള്ളൂ. സെപ്തംബർ മാസം 20-ാം തീയതിയാണ് ഈ മാനേജുമെന്റുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് നമ്മുടെ മെഡിക്കൽ അലോട്ട്മെന്റ് തീരേണ്ടത്. സെൻട്രൽ അലോട്ട്മെന്റ് 20-ാം തീയതിക്കുമുമ്പ് തീർന്നിരിക്കും.

ആ കാര്യത്തിൽ കേരളത്തിലെ വിദ്യാർത്ഥികളുടെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ചില മാധ്യമങ്ങൾ തുടർച്ചയായി എഴുതുന്നുണ്ട്. അതിന് സത്യവുമായിട്ടൊരു ബന്ധവുമില്ല. നമ്മൾ ഉണ്ടാക്കിയ കരാറുണ്ട്, വ്യക്തമായ ധാരണകളുണ്ട്. അതിൽനിന്ന് ഒരിഞ്ചുപോലും പുറകോട്ടുപോകില്ല, ഇവിടെ വിദ്യാർത്ഥികളുടെ താല്പര്യം പൂർണ്ണമായും സംരക്ഷിച്ചിരിക്കും.

ഡോ. കെ. ടി. ജലീൽ: ശരി സർ, അക്കാര്യത്തിൽ ഒരു വ്യക്തതയുണ്ടാകണമെന്നുതന്നെയാണ് ഞാൻ പറഞ്ഞുകൊണ്ടുവന്നത്. അങ്ങ് അതിൽ വ്യക്തത വരുത്തി. അതിന് പ്രത്യേകമായി ഞാൻ അങ്ങയോട് നന്ദി രേഖപ്പെടുത്തുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് നമ്മുടെ നാട്ടിലെ പ്രവാസികൾ. അവരുടെ സംഭാവന നമ്മുടെ സംസ്ഥാനത്തിന്റെ ബഡ്ജറ്റിൽ വികസനത്തിനുവേണ്ടി നീക്കിവയ്ക്കുന്ന പണത്തിന്റെ സമാനമായി വരും. അവരുടെ പണത്തിന് സേവന നികുതി ഏർപ്പെടുത്താൻ കേന്ദ്ര ധനമന്ത്രാലയം തീരുമാനിച്ചിരിക്കുകയാണ്. പ്രശ്നം ഒച്ചപ്പാടായപ്പോൾ ബാങ്കുകൾ ഈടാക്കുന്ന സർവ്വീസ് ചാർജിനുമാത്രമേ സേവന നികുതി ഉണ്ടാകൂ എന്ന് ധനമന്ത്രാലയം മാറ്റിപ്പറഞ്ഞു. ബഹുമാന്യനായ മുഖ്യമന്ത്രിയും മന്ത്രിമാരും ഇതുസംബന്ധമായി പ്രധാനമന്ത്രിക്ക് നിവേദനം നൽകുകയുണ്ടായി. ധനമന്ത്രാലയത്തിന്റെ തീരുമാനം റദ്ദുചെയ്ത് ഉത്തരവിറക്കുമെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകിയിട്ടുണ്ടെങ്കിലും ഇതുവരേയും ആ ഉറപ്പ് പാലിക്കപ്പെട്ടതായി അറിവില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഇന്നലെ ഇതു സംബന്ധിച്ച ഉത്തരവ് പ്രധാനമന്ത്രി പുറപ്പെടുവിച്ചു.

ഡോ. കെ. ടി. ജലീൽ ഇന്നലെ പ്രധാനമന്ത്രി ഉത്തരവിറക്കിയെന്നുള്ളത് ശരിയായിരിക്കാം. എന്ത് വിലകൊടുത്തും പ്രവാസികളുടെ നേർക്കുള്ള ഈ വാളോങ്ങൽ ചെറുത്തുതോല്പിച്ചേമതിയാകൂ. വിദേശ

നാണ്യം നേടിത്തരുന്ന കയറ്റുമതിക്കാർക്കും വിദേശ നിക്ഷേപകർക്കും വിദേശത്തുനിന്നും കടംവാങ്ങിക്കൊണ്ട് വരുന്നവർക്കും ഒരുപാട് ആനുകൂല്യങ്ങളാണ് കേന്ദ്രഗവൺമെന്റ് പ്രഖ്യാപിക്കുന്നത്. അങ്ങനെ പ്രഖ്യാപിക്കുന്ന സാഹചര്യത്തിലാണ് പ്രവാസികളോടുള്ള ഈ കൊലച്ചതിയെന്നോർക്കണം. ലോകത്ത് മറ്റൊരിടത്തുമില്ലാത്ത വിമാനക്കൂലി ഈടാക്കി വർഷങ്ങളായി എയർ ഇന്ത്യ പ്രാവാസി സഹോദരങ്ങളെ പിഴിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിൽ പ്രതിഷേധിച്ചുകൊണ്ടാണ് ശ്രീ. എം.എ.യൂസഫലി എയർ ഇന്ത്യാ ഡയറക്ടർ ബോർഡിന്റെ ഡയറക്ടർ സ്ഥാനം രാജിവച്ചത്. ശ്രീ. എം.എ. യൂസഫലി ഇക്കാര്യത്തിൽ കാണിച്ച ആത്മാർത്ഥതയും സത്യസന്ധതയും പോലും സംസ്ഥാന സർക്കാർ കാണിച്ചില്ലായെന്നുള്ള കാര്യത്തിൽ ഇവിടെ എല്ലാ പ്രതിഷേധവും ഞങ്ങൾ രേഖപ്പെടുത്തുകയാണ്. ഇതിനുപുറമേയാണ് വിദേശികളുടേയും പ്രവാസികളുടേയും രക്തം ഊറ്റിക്കുടിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ .............

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ചട്ടം 284 (10) അനുസരിച്ച് എഴുതിത്തയ്യാറാക്കിയ പ്രസംഗം സഭയിൽ വായിക്കാൻ പാടില്ല. ഇന്നലെ ഇറങ്ങിയ ഉത്തരവുവരെ തെറ്റായിട്ടാണ് എഴുതിക്കൊണ്ടുവന്നിട്ടുള്ളത്. ഇത് മെനഞ്ഞാന്ന് തയ്യാറാക്കിയ പ്രസംഗമാണ്. ......(ബഹളം)..........

മി. ഡെപ്യൂട്ടി ചെയർമാൻ: പ്ലീസ്......പ്ലീസ്.......അദ്ദേഹം സംസാരിക്കട്ടെ.........(ബഹളം).......

ഡോ. കെ. ടി. ജലീൽ: സർ, വിൻസ്റ്റൻ ചർച്ചിൽ പറഞ്ഞ ഒരു കാര്യമാണ് ഇപ്പോൾ എനിക്ക് ഓർമ്മവരുന്നത്. ‘നിങ്ങൾ എന്നെ രണ്ട് മണിക്കൂർ നേരത്തേയ്ക്കാണ് പ്രസംഗിക്കാൻ വിളിക്കുന്നതെങ്കിൽ ഞാൻ ഓഫ്ഹാൻഡിൽ വരാം. പത്ത് മിനിറ്റ് പ്രസംഗിക്കാനാണ് നിങ്ങളെന്നെ ക്ഷണിക്കുന്നതെങ്കിൽ എനിക്ക് ഒരുദിവസം അത് പ്രിപ്പയർ

ചെയ്യാൻവേണ്ടി വേണം' എന്നു പറഞ്ഞ വിൻസ്റ്റൻ ചർച്ചിലിന്റെ വാക്കാണ് ഓർക്കുന്നത്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ഒരുപക്ഷെ അത് കേട്ടിട്ടുണ്ടാവില്ല. അതുകൊണ്ടായിരിക്കും. കേന്ദ്ര സർക്കാർ പ്രവാസി കളെ ബുദ്ധിമുട്ടിക്കുന്ന നടപടികളുമായി മുന്നോട്ട് പോയിക്കൊണ്ടിരി ക്കുന്നത്. ഈ നിലപാടിനെ അനുകൂലിക്കാൻ നമുക്കൊരിക്കലുമാകില്ല. എയർ കേരള എന്നുപറഞ്ഞ ഒരു പുതിയ സംവിധാനം ഉണ്ടാക്കുന്നതിനെ ക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് ആലോചിക്കുന്നുവെന്നാണ് പറയുന്നത്. ഇത് ശക്തമാക്കണം. എയർ ഇന്ത്യ നമ്മുടെ പ്രവാസികളെ ചൂഷണം ചെയ്യുന്ന നടപടിയും നിലപാടും അവസാനിക്കണമെങ്കിൽ ഒരു ബദൽ സംവിധാനത്തെക്കുറിച്ച് കേരളീയർ ചിന്തിക്കണം. കേരളത്തിന്റെ പല താല്പര്യങ്ങളും പല ഘട്ടങ്ങളിൽ ......

ശ്രീ. തോമസ് ചാണ്ടി: സർ, എയർ ഇന്ത്യയുടെ മറവിൽ മറ്റ് എയർലൈൻസുകൾ ഗൾഫ് മലയാളികളുടെ രക്തം കുടിക്കുന്നുവെന്നു ള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും. അവർ മാനദണ്ഡമായി സ്വീകരിക്കുന്നത് എയർ ഇന്ത്യ നിശ്ചയിക്കുന്ന ചാർജ്ജാണ്. മറ്റൊരു രാജ്യത്തേയ്ക്കും ഇത്ര ഭീമമായിട്ടുള്ള ചാർജ് എയർ ഇന്ത്യയുൾപ്പെടെ മറ്റൊരു എയർലൈൻസും സ്വീകരിക്കുന്നില്ല. പാകിസ്ഥാനിലേയ്ക്കായാ ലും, ബംഗ്ലാദേശിലേയ്ക്കായാലും, ഇന്തോനേഷ്യയിലേയ്ക്കായാലും, യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കായാലും ദൂരത്തിന്റെ അടിസ്ഥാനത്തി ലാണ് എയർ ഇന്ത്യയടക്കം ചാർജ് നിശ്ചയിക്കുന്നത്. പക്ഷെ ഗൾഫ് സെക്ടറിലേയ്ക്ക് മാത്രം എയർ ഇന്ത്യ ഭീമമായിട്ടുള്ള ചാർജാണ് പ്രവാ സികളിൽ നിന്ന് ഈടാക്കിക്കൊണ്ടിരിക്കുന്നത്. ഇത് പ്രവാസികളെ ഞെക്കിപ്പിഴിയുന്നതിന് തുല്യമാണ്. ഇതിനെതിരെ വളരെ ശക്തമായിട്ടുള്ള ഇടപെടൽ സംസ്ഥാന ഗവൺമെന്റ് നടത്തണം. ക്രിയാത്മകമായിട്ടുള്ള

ഒരിടപെടലും സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ നടത്തിയില്ലായെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ദു:ഖമുണ്ട്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്, എയർ ഇന്ത്യയുടെ ഈ കൊള്ളയിൽ പ്രതിഷേധിച്ചുകൊണ്ട് ശ്രീ.എം.എ.യൂസഫലി എയർ ഇന്ത്യയിലെത്തന്നെ ഡയറക്ടർ സ്ഥാനം രാജിവച്ചുവെങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ എന്താണ് ചെയ്തത്. ഒരു വ്യക്തി ചെയ്യുന്ന ആത്മാർത്ഥതപോലും ഒരു സർക്കാർ ഒരുജനതയോട് ചെയ്തില്ലായെന്നുള്ള കാര്യം പ്രത്യേകം നമ്മൾ ഓർക്കേണ്ടതുണ്ട്. അങ്ങനെ ജനങ്ങളുടെ പക്ഷത്തുനിൽക്കാത്ത കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായിട്ടുള്ള പ്രവാസികളുടെ രക്തം ഊറ്റിക്കുടിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ, എയർ ഇന്ത്യയുടെ നിലപാടിനെ അനുകൂലിക്കുന്ന, അതിനോട് പ്രതിഷേധ സൂചകമായി ക്രിയാത്മകമായി ഒന്നും ചെയ്യാത്ത ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളോട് യോജിക്കാൻ ഒരിക്കലും കഴിയില്ലായെന്നുള്ളതുകൊണ്ട് ഞാൻ ഇതിനോട് വിയോജിക്കുന്നു.

ശ്രീ. സി.പി. മുഹമ്മദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കടം അപകടം, ചോദിച്ചാൽ സങ്കടം, വാങ്ങിയാൽ ഏടാകൂടം എന്ന നാട്ടിൻപുറത്തുകാരന്റെ സാമ്പത്തിക ശാസ്ത്രംപോലും ഉൾക്കൊളളാതെയാണ് ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് കടം വാങ്ങിക്കൂട്ടണമെന്ന് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിയോട് പറഞ്ഞത്. ആവശ്യത്തിന് കടം വാങ്ങുകയും വാങ്ങിയ കടം കൊണ്ട് ജനങ്ങൾക്കാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുകയും രാജ്യത്തെ വികസനത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്ന സവ്യസാചിയായ ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ് മാണി സാർ. അദ്ദേഹത്തിന് പിന്തുണ നൽകിക്കൊണ്ട് കേരളം കണ്ട മനുഷ്യ സ്നേഹിയായ ഒരു മുഖ്യമന്ത്രിയുമുണ്ട് എന്നുളളത് നമ്മുടെ രാജ്യത്തിന് അഭിമാനകരമാണ്. കഴിഞ്ഞ അഞ്ചു വർഷം കണക്കപ്പിളളയുടെ വീട്ടിൽ വറുക്കലും പൊരിക്കലും, കണക്കു നോക്കിയപ്പോൾ കരച്ചിലും പിഴിച്ചിലും എന്നുളള സ്ഥിതിയിലായിരുന്നു സാമ്പത്തികരംഗം. വിവരസാങ്കേതിക വിദ്യയും ബി.ടി.-യും ടൂറിസവുമാണ് കേരളത്തിന്റെ വികസനത്തിനുളള പ്രധാനപ്പെട്ട മൂന്ന് ഒറ്റമൂലികളെന്നാണ് സാമ്പത്തിക ശാസ്ത്രജ്ഞൻമാർ പറയുന്നത്. പുതിയ രൂപത്തിലുളള സാങ്കേതിക വിദ്യകൾ പുതിയ വികസന രൂപങ്ങളെ സൃഷ്ടിക്കും. ഐ.ടി, ബി.ടി എന്നിവ അതിന് തെളിവാണ്. സാങ്കേതിക വിദ്യയുടെ വളർച്ചയാണ് പുരോഗതിയുടെ മാനദണ്ഡമെന്ന് ലോകത്തിലെ പല വികസിത രാജ്യങ്ങളും അംഗീകരിക്കുന്നുണ്ട്. വനം, കടൽ, നാണ്യ വിളകൾ എന്നിവയാണ് നമ്മുടെ പ്രധാന വിഭവങ്ങൾ. ഇവയിലെല്ലാം പ്രാഥമിക തലത്തിലുളള മൂല്യ വർദ്ധനവുണ്ടായിട്ടുണ്ട് എന്നുളളത് നിഷേധിക്കാൻ കഴിയില്ല. നാം മുൻഗണന നൽകുന്ന മൂന്ന് മേഖലകൾ സാധാരണ ജനങ്ങളുമായി വളരെയധികമൊന്നും ബന്ധമുളളതല്ല. മനുഷ്യന്റെ ആദിമ ഗോത്ര സംസ്കൃതി തൊട്ട് മനുഷ്യന്റെ ഉത്പാദന പ്രക്രിയകൾ വേട്ടയാടൽ, കൃഷി, മൃഗ സംരക്ഷണം, മത്സ്യബന്ധനം എന്നിവ

യോട് അടിസ്ഥാനപ്പെടുത്തിയായിരുന്നു. വിവര സാങ്കേതികവിദ്യ മാത്ര മല്ല, അവയുടെ ഉപോൽപ്പന്നമായ വിനോദങ്ങളും ഡേറ്റിംഗും ചാറ്റിംഗും ജോത്സ്യവും സിനിമയും സംഗീതവും പ്രണയവും തുടങ്ങിയ മേഖലകളി ലേയ്ക്കും പ്രവർത്തനം വ്യാപിച്ചിരിക്കുകയാണ്. അതുകൊണ്ട് സഹസ്രാ ബ്ദങ്ങളായുള്ള രാജ്യത്തെ ധാർമ്മിക വ്യവസ്ഥിതിയെ ഐ.ടി.-യുടെ വ്യാപനം തകർക്കാതെ ഐ.ടി വികസനവുമായി മുന്നോട്ടുപോകേണ്ട ബാധ്യത നമുക്കുണ്ട്. ജൈവ സാങ്കേതിക വിദ്യ ആയുർവേദത്തെ സുഖചികിത്സയാക്കി മാറ്റുന്നതിനാണ് ഊന്നൽ കൊടുക്കുന്നത്. ജനി തകമാറ്റം വരുത്തുന്ന വിത്തുകൾ ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്ന തിനെ സംബന്ധിച്ച് കൃഷി വകുപ്പിന്റെ ചർച്ചയിൽ ഞാൻ ചൂണ്ടിക്കാണിച്ചതാണ്. ഐ.ടി.-യും. ബി.ടി.-യും ധാരാളം തൊഴിലവസരങ്ങൾ നൽകുന്നു. പക്ഷെ കൂടുതൽ സാമ്പത്തിക സുരക്ഷിതത്വമുള്ള ജോലികൾ ഈ മേഖലയിലെ സമ്പന്നർക്കാണ് ലഭിക്കുന്നത്. പാവപ്പെട്ടവനും സാധാരണക്കാരനും ഈ മേഖല യിൽ ജോലി ലഭിക്കുന്നതിനാവശ്യമായ, ഉന്നത വിദ്യാഭ്യാസം കൂടുതൽ ലഭിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ ആവിഷ്ക്കരിക്കേണ്ടത് അത്യാ വശ്യമാണ്. പുതിയ വികസനരൂപങ്ങൾ വിശുദ്ധ പശുക്കളാണ്; അവയെ ശല്യപ്പെടുത്തരുത് എന്നൊരു ധാരണയുണ്ട് അതുകൊണ്ട് അവർ ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും ഓശാന പാടുന്ന സമീപനം ശരിയല്ല. വ്യവസായവും വികസനവുമൊക്കെ രാജ്യത്തിന് ആവശ്യമാണ്. പക്ഷെ അതിന് മാനുഷികമായ മുഖമുണ്ടാവണമെന്ന് ഒരിക്കൽക്കൂടി ആവർത്തി ക്കുകയാണ്. വികസനകാര്യത്തിൽ, ഫണ്ടുകളുടെ വിഭജനത്തിൽ നീതിപൂർവ്വമായ സമീപനം ഉണ്ടാകേണ്ടതുണ്ട്. സേവനാവകാശ നിയമം ചരിത്ര സംഭവമാണ് കുഞ്ഞുണ്ണി മാഷ് പാടിയതുപോലെ ജീവനക്കാ രെല്ലാം സേവനക്കാരാവണം, സേവനക്കാരെല്ലാം ജീവനക്കാരായി മാറു മ്പോഴാണ് ജനങ്ങൾക്ക് സേവനം കിട്ടാതെ പോകുന്നത്. നെൽവ യൽ-നീർത്തട സംരക്ഷണ നിയമത്തെക്കുറിച്ച് പലപ്പോഴും ഇവിടെ ആവർത്തിച്ചതാണ്, ആ നിയമത്തിന്റെ സൃഷ്ടാക്കൾ തന്നെ സംഹാരക

രായി മാറിയതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. ഒരു ദിവസം ചോദ്യോത്തര സമയത്ത് ഞാനത് ചൂണ്ടിക്കാണിച്ചതിന് ബഹളമുണ്ടായി. അതുകൊണ്ട് നെൽവയൽ-നീർത്തട സംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും കാപട്യം കൈവെടിഞ്ഞ് മുന്നോട്ടുവരേണ്ടതുണ്ട്. എന്റെ സ്നേഹിതൻ ഡോ. കെ.ടി. ജലീൽ ഇവിടെ സ്വാശ്രയ വിദ്യഭ്യാസത്തെക്കുറിച്ച് കുറ്റം പറഞ്ഞു. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിലേയ്ക്ക് മക്കളെ അയച്ച മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർ ഇനി സ്വാശ്രയ സ്ഥാപനങ്ങളിലേയ്ക്ക് മക്കളെ അയക്കില്ലെന്നും മുമ്പ് അയച്ചതിന് കേരളത്തിലെ പൊതു സമൂഹത്തോട് മാപ്പ് ചോദിക്കാനും തയ്യാറുണ്ടെങ്കിൽ സ്വാശ്രയ വിദ്യാഭ്യാസത്തോടുള്ള എതിർപ്പ് ന്യായമാണെന്ന് ഞാൻ സമ്മതിക്കാം. എയർഇന്ത്യയുടെ ക്രൂരതയെക്കുറിച്ച് ഡോ. കെ.ടി. ജലീൽ പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. ശ്രീ. യൂസഫ് അലിയെപ്പോലുള്ള ഒരു വ്യവസായി ഡയറക്ടർ ബോർഡിൽ നിന്ന് രാജി വച്ചിരിക്കുകയാണ്. 16,000 കിലോമീറ്റർ സഞ്ചരിക്കുന്നവർക്കും 4,000 കിലോമീറ്റർ സഞ്ചരിക്കുന്നവർക്കും ഒരേ ചാർജ്ജാണ് എയർ ഇന്ത്യ വാങ്ങുന്നത് എന്നതുതന്നെ മലയാളികളോട് എയർ ഇന്ത്യ കാണിക്കുന്ന ക്രൂരതയുടെ തെളിവാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് അഴിമതി ഇല്ലാതെ, ജനങ്ങളെ ചൂഷണം ചെയ്യാത്ത വിധത്തിൽ, മാനേജ്മെന്റും ഗവൺമെന്റും തമ്മിലുള്ള ധാരണ കൂടുതൽ ഫലപ്രദമായി വരാനിരിക്കുന്ന കാലങ്ങളിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പതിനൊന്നാം പദ്ധതിയുടെ സ്ഥാനത്ത് 40,022 കോടി രൂപ ആയിരുന്നവെങ്കിൽ 12-ാം പദ്ധതി 1,05,000 കോടി രൂപയാണ് എന്ന് പ്രഖ്യാപിക്കാൻ ചങ്കൂറ്റം കാണിച്ച മാണി സാറിനെ ഞാൻ അഭിനന്ദിക്കുന്നു. അതുപോലെ നിർമ്മൽ സ്റ്റേറ്റിനായി സംസ്ഥാന ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾ കൂടുതൽ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകണമെന്ന് അഭ്യർത്ഥിക്കുന്നു. പരിസ്ഥിതിയെ അവഗണിച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. നമുടെ

പൂർവ്വികൻമാർ വരദാനമായി, തിരുശേഷിപ്പായി കാത്തുസംരക്ഷിച്ചു വന്ന പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കുന്ന ഒരു പരിപാടിയും എടുക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ സഭാസമ്മേളനം ആരംഭിക്കുന്ന സമയത്ത് ചരിത്രത്തിൽ സമാനതകളില്ലാത്ത ക്രൂരതകൊണ്ട് രക്താഭിഷേകം നടന്ന കേരളത്തിന്റെ അവസ്ഥ ഈ സഭയിലും പ്രതിഫലിക്കുകയുണ്ടായി. ചന്ദ്രശേഖരൻ വധത്തിൽ സി.പി. ഐ (എം) പ്രതിക്കൂട്ടിലായി. ഒരു പ്രധാന രാഷ്ട്രീയപ്പാർട്ടിയെന്ന നിലയിൽ കേരളത്തിലെ പൊതുജീവിതത്തിൽ അക്രമവും രാഷ്ട്രീയവും വൈരനിര്യാതന ബുദ്ധിയുപേക്ഷിച്ച് കേരളത്തിലെ വികസനത്തിനും ജനക്ഷേമത്തിനും സി.പി.ഐ (എം) മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. പഞ്ച വർണ്ണക്കിളി തത്തയുടെയും പൊന്നരിവാളമ്പിളിയിൽ കണ്ണെറിയുന്നോളേ എന്നും വയൽകൊയ്യുന്ന പൈങ്കിളിയെക്കുറിച്ചും പാട്ടുപാടിയ, ബലികുടീരങ്ങളെ എന്ന ഒറ്റ ഗാനം കൊണ്ട് മാധുര്യത്തിന്റെ വിപ്ലവഗാനം കേരളത്തിന് സമ്മാനിച്ച, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മാനുഷികമുഖം വീണ്ടെടുക്കാൻ നിങ്ങൾ തന്നെ ശ്രമിക്കണം.

ശ്രീ. പി.റ്റി.എ. റഹീം: സർ, നോക്കിവായിക്കുന്നത് ഓർഡറിലാണോ?

ശ്രീ. സി.പി. മുഹമ്മദ്: സർ, ഞാൻ നോക്കി വായിച്ചിട്ടില്ലല്ലോ. ശ്രീ. പി.റ്റി.എ റഹീമിന്, എന്റെ പ്രസംഗം ഇവിടെ നിന്ന് റിക്കാർഡിലെടുക്കാം, ഈ കടലാസും തരാം. ഇതിൽ ശരിയായത് ഏതാണെന്ന് പറഞ്ഞാൽ ഞാൻ നിങ്ങൾ പറയുന്നത് കേൾക്കാം. നോക്കി വായിക്കുന്നത് നല്ലതാണെന്ന അഭിപ്രായക്കാരനാണ് ഞാൻ. വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞതിനോട്, ആ കാര്യത്തിൽ എനിക്ക് യോജിപ്പാണ്. കാരണം, തെറ്റു കൂടാതെ പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിനുള്ള മറുപടി ഡോ. ജലീൽ തന്നെ പറഞ്ഞു.

ശ്രീ. സാജു പോൾ: സർ, ബഹുമാനപ്പെട്ട സി.പി. മുഹമ്മദ് ഇപ്പോൾ പറഞ്ഞത്, ഞാൻ എനിക്ക് വായിൽ തോന്നുന്നത് പറയും എന്നാണ്. അത് ഓർഡറിലാണോ?

ശ്രീ. സി.പി. മുഹമ്മദ്: ശ്രീ. സാജു പോൾ പ്രസംഗം തടസ്സപ്പെടുത്തുകയാണ്. ഞങ്ങൾ പറയുമ്പോഴാണ് സി.പി.ഐ (എം)-ന് ദേഷ്യം. പണ്ട് നാൽക്കവലയിൽ വച്ച് ഒരു റൗഡി ഒരു പാവപ്പെട്ട മനുഷ്യനെ തല്ലിയപ്പോൾ എല്ലാവരും അത് നോക്കി നിന്നു, ഒരാൾ ചെന്ന് എന്തിനാണ് ഈ പാവപ്പെട്ട മനുഷ്യനെ തല്ലുന്നതെന്ന് ചോദിച്ചു. അപ്പോൾ റൗഡി തല്ലു നിർത്തി. പക്ഷെ തല്ലു കൊണ്ടവൻ പറഞ്ഞത് നിന്റെ അച്ഛനാണ് പാവമെന്നാണ്. പുള്ളിക്ക് തല്ലുകൊണ്ടതിലല്ല സങ്കടം, പാവം എന്ന് വിളിച്ച് അപമാനിച്ചതിലാണ്. എന്നു പറഞ്ഞതുപോലെ അപ്പുറത്തുള്ളവർ കാര്യമറിഞ്ഞിട്ടല്ല കുറ്റം പറയുന്നത്. കൊലയാളി ദു:ഖിക്കുന്നത് പോലീസ് പിടിച്ചതിലാണ്. താൻ ഒരു കൊലയാളിയോ കൊലയെ സഹായിച്ചവനോ എന്ന നിലയിലല്ല എന്നുള്ള രീതിയിലാണ് ചന്ദ്രശേഖരൻ വധം പോലീസ് കൈകാര്യം ചെയ്തപ്പോൾ നമ്മൾ കണ്ടത്. കേരളത്തിലെ പല രാഷ്ട്രീയ കൊലപാതകങ്ങളെ സംബന്ധിച്ചും ഇവിടെ ചർച്ച ചെയ്തതാണ്. മുച്ചീട്ടുകളിക്കാരൻപോലും ഒന്നു വച്ചാൽ മൂന്ന് എന്നേ പറയുകയുള്ളൂ. പക്ഷെ മാർക്സിസ്റ്റ് പാർട്ടി ഒന്നു വച്ചാൽ പത്ത് എന്ന രീതിയിലാണ് കേരളത്തിൽ ആളെ കൊന്നിട്ടുള്ളത് എന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. സി.പി.ഐ.(എം) അത്തരത്തിലാണ് കേരളത്തിൽ പ്രവർത്തിച്ചിട്ടുള്ളത്. എനിക്ക് സി.പി.ഐ-ക്കാരോട് ഒരു കാര്യം പറയാനുണ്ട്. അച്യുതമേനോൻ ഏഴ് വർഷം കേരളത്തിലെ മുഖ്യമന്ത്രിയായിരുന്നു. ഈ നാടു കണ്ടതിൽ വച്ച് ഏറ്റവും നല്ല ഭരണം നടത്തിയ ഒരു പാർട്ടിയാണ് സി.പി.ഐ. ഇന്ന് സി.പി.എം-ന്റെ കഴകക്കാരനെപ്പോലെയാണ് സി.പി.ഐ പ്രവർത്തിക്കുന്നത് എന്നതിൽ ഞങ്ങൾക്ക് ദു:ഖമുണ്ട്. സക്കറിയയുടെ ഭാസ്കരപട്ടേലരുടെ മുന്നിൽ വിനീത വിധേയനായി നിൽക്കുന്ന

തൊമ്മിയുടെ സ്ഥിതിയിലാണ് ഇന്ന് സി.പി.ഐ. അതുകൊണ്ട് സി. പി.ഐ-യെപ്പോലുള്ളൊരു പാർട്ടി ആ പാളയത്തിൽ നിന്ന് ഇങ്ങോട്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ശ്രീ. വി. എസ്. അച്ചുതാനന്ദനെ പുറത്താക്കിയാൽ എല്ലാ പ്രശ്നങ്ങളും തീരുമെന്നാണ് ശ്രീ. വൈക്കം വിശ്വൻ പറഞ്ഞത്. ശ്രീ. വി. എസ്. അച്ചുതാനന്ദനെക്കുറിച്ച് ഞങ്ങളൊക്കെ ഒരുപാട് വിമർശിക്കാറുണ്ട്. പക്ഷെ പോളിറ്റ് ബ്യൂറോയിൽ അച്ചടക്ക നടപടി കേൾക്കാൻവേണ്ടി പോയ ശ്രീ. വി. എസ്. അച്ചുതാനന്ദൻ തിരിച്ചുവന്നത് അച്ചുതാനന്ദനായല്ല, അത്ഭുതാനന്ദനായാണ് എന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. അച്ചുതാനന്ദനെ പുറത്താക്കാൻ കുടലുറപ്പുള്ള ഒരു പ്രമാണിയും പി.ബി.-യിൽ ഇല്ലായെന്ന് ലോകത്തിന് മുഴുവൻ ബോധ്യമായിരിക്കുകയാണ്. ഭീഷ്മ പിതാമഹൻ സ്വച്ഛന്ദ മൃത്യുവിന് വരം നേടിയതുപോലെ തനിക്കെതിരെ പാർട്ടിയിൽ എന്ത് നടപടി വേണമെന്നുള്ളത് തീരുമാനിക്കാനുള്ള അവകാശം ശ്രീ. അച്ചുതാന്ദനാണെന്നാണ് മാലോകർക്ക് തോന്നിയിരിക്കുന്നത്. യേശുക്രിസ്തുവിനെ കുരിശിൽ തറച്ചപ്പോൾ പീലാത്തോസ് ഇടവും വലവും രണ്ട് കള്ളൻമാരെ നിർത്താൻ ഉത്തരവിട്ടിരുന്നു. ശ്രീ. അച്ചുതാനന്ദന് ശിക്ഷാ നടപടി നടത്താൻ തീരുമാനിച്ചപ്പോൾ മറ്റ് രണ്ട് കള്ളൻമാരെയും ഇടവും വലവും നിർത്തി ശാസിക്കാൻ തീരുമാനിച്ചു എന്നുള്ളത് മാർക്സിസ്റ്റ് പാർട്ടിയുടെ ആഭ്യന്തര രാഷ്ട്രീയത്തിലെ ഒരു വൈരുദ്ധ്യമാണ്. ബ്രഹ്മാവിനെ തപസ്സ് ചെയ്ത് ഹിരണ്യകശിപു ഒരു വരം വാങ്ങി. എന്നെ ദേവനോ മനുഷ്യനോ മൃഗമോ കൊല്ലരുത്; രാവും പകലും കൊല്ലരുത്; ഭൂമിയിലും ആകാശത്തും വച്ച് കൊല്ലരുത്; അകത്തും പുറത്തും കൊല്ലരുത്; ആയുധം കൊണ്ട് കൊല്ലരുത് എന്നതുപോലെ ഡൽഹിയിൽ വച്ചായാലും കേരളത്തിൽ വച്ചായാലും ബംഗാളിൽ വച്ചായാലും എവിടെയായാലും തന്നെ ഈ പാർട്ടിയിൽ നിന്ന് പുറത്താക്കാൻ തന്റെ എതിരാളികൾക്ക് കഴിയില്ല എന്ന് വരം തേടിയ നേതാവാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനെന്ന് നിങ്ങൾ മറക്കേണ്ട. ശ്രീ. വി. എസ്. അച്ചുതാനന്ദൻ എൽ.കെ.ജി.-യിൽ

പഠിക്കുന്ന കുട്ടിയാണോ? പുലിയെ പിടിക്കാൻ വനം വകുപ്പ് കൂട് വയ്ക്കുന്നതു പോലെ ശ്രീ. വി. എസ്. അച്ചുതാനന്ദനെ പുറത്താക്കാൻ നിങ്ങൾ കൂട് വച്ച് നടക്കാൻ തുടങ്ങിയിട്ട് കുറേ കാലമായി. പോളിറ്റ് ബ്യൂറോ മീറ്റിംഗിൽ പങ്കെടുക്കാത്തതിന് ശ്രീ. ബുദ്ധദേബ് ഭട്ടാചാര്യയെപ്പോലും പുറത്താക്കാൻ നട്ടെല്ലില്ലാത്ത ശ്രീ. പ്രകാശ് കാരാട്ട്, ശ്രീ. വി. എസ്. അച്ചുതാനന്ദനെ പുറത്താക്കുമെന്ന് തോന്നുന്നില്ല. നിങ്ങൾക്കും അതിനുള്ള ധൈര്യമില്ല. പ്ലാമന്തോൾ മൂസ എന്ന ആയുർവ്വേദ വൈദ്യൻ ആനയുടെ മസ്തകത്തിൽ നിന്ന് രക്തം വന്നപ്പോൾ ധാരാളം ചികിത്സ ചെയ്തിട്ടും രക്തം വരുന്നത് നിർത്താൻ സാധിച്ചില്ല. അവസാനം പ്ലാമന്തോൾ പുഴയിലിറങ്ങി ധന്വന്തരിയെ പ്രാർത്ഥിച്ച് ഈറൻ മുണ്ടുമായി വന്ന് രക്തം വരുന്ന മുറിവിലേയ്ക്ക് ഒരു ഏറ് കൊടുത്തപ്പോൾ ആ രക്തപ്രവാഹം നിന്നു. അപ്പോൾ അദ്ദേഹത്തിന്റെ കാര്യസ്ഥൻ പറഞ്ഞു, ഈറൻമുണ്ടിൽ എഴുന്നള്ളുന്നത് അടിയൻ അറിഞ്ഞില്ല എന്നതുപോലെ ശാസനയിലാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇപ്പോൾ എഴുന്നള്ളിയിരിക്കുന്നത്. ഇങ്ങനെ തുടരാനാണ് മാർക്സിസ്റ്റ് പാർട്ടിയുടെ ഭാവമെങ്കിൽ കുരിശിന്റെ മുകളിൽ എഴുതി വയ്ക്കുന്ന RIP എന്ന മൂന്നക്ഷരം നിങ്ങളുടെ പാർട്ടിയുടെ മുകളിൽ എഴുതിവയ്ക്കേണ്ടി വരുമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

ശ്രീ. സാജുപോൾ : സർ, പോയിന്റ് ഓഫ് ഓർഡർ....

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹത്തിന്റെ സമയം കഴിഞ്ഞു. അദ്ദേഹം നിറുത്തുകയാണ്.

ശ്രീ. സാജു പോൾ : സർ, റൂൾ 151. സപ്ലിമെന്ററി ഗ്രാന്റിന്മേലുള്ള ചർച്ചയുടെ പരിധി, സപ്ലിമെന്ററി ഗ്രാന്റിന്മേലുള്ള ചർച്ച അതിലുൾക്കൊ

ള്ളുന്ന ഇനങ്ങളിൽ മാത്രം നിൽക്കണമെന്നാണ്. ഇവിടെ നേരത്തെ നിയമം പറഞ്ഞില്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സാജുപോൾ ഇവിടെ അങ്ങനെയാണോ നടക്കുന്നത്. രണ്ടുഭാഗത്തുനിന്നും സംസാരിക്കുന്നത് അങ്ങനെയാണോ?

ശ്രീ. വി. ശിവൻകുട്ടി : സർ, ശ്രീ. സി. പി. മുഹമ്മദ് *** ****[1]

ശ്രീ. സി. പി. മുഹമ്മദ് : സർ, ശ്രീ. വി. ശിവൻകുട്ടി മോശമായി സംസാരിച്ചിരിക്കുന്നു. ദൈവത്തെയോർത്ത് ശ്രീ. വി. ശിവൻകുട്ടിക്ക് അറിയാവുന്നതൊന്നും എന്നെ അറിയിക്കരുത് എന്ന് പ്രാർത്ഥിക്കുന്ന ഒരാളാണ് ഞാൻ. 11 കൊല്ലമായി ശ്രീ. സാജു പോൾ.....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. വി. ശിവൻകുട്ടി പറഞ്ഞത് രേഖയിലുണ്ടാവില്ല.

ശ്രീ. വി. ശിവൻകുട്ടി : സർ, ഞാൻ എന്താണ് പറഞ്ഞത്?

മി. ഡെപ്യൂട്ടി സ്പീക്കർ : എന്തെങ്കിലും പറഞ്ഞെങ്കിൽ അത് രേഖയിലില്ല.

ശ്രീ. വി. ശിവൻകുട്ടി : സർ, അങ്ങനെ പറയരുത്. സർ, ക്രമപ്രശ്നം....ഞാൻ എന്താണ് പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. വി. ശിവൻകുട്ടി പറഞ്ഞത് ആരും കേട്ടിട്ടില്ല.

[1] നീക്കം ചെയ്തു.

ശ്രീ. വി. ശിവൻകുട്ടി : സർ, ഏത് ചർച്ചയിലായിരുന്നാലും ശ്രീ. സി. പി. മുഹമ്മദ് ഈ രൂപത്തിലേ ചർച്ചയിൽ പങ്കെടുക്കാറുള്ളൂ എന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. അതിൽ എന്ത് തെറ്റാണുള്ളത്?

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീമതി ഇ. എസ്. ബിജിമോൾ....

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. 20 വകുപ്പുകളിലായി ഏകദേശം 600 കോടിയിലധികം രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് വിവിധ മന്ത്രിമാർ സമർപ്പിച്ചിട്ടുള്ളത്. ഉപധനാഭ്യർത്ഥനയുടെ ഭാഗമായി പണം വീണ്ടും കൊണ്ടുവരുന്നതിന് ഏതെങ്കിലും മന്ത്രിക്ക് ധാർമ്മികമായി അവകാശമുണ്ടോ എന്ന് പരിശോധിച്ചാൽ അതിനുള്ള അവകാശം ഒരു വകുപ്പിലുമുണ്ടെന്ന് തോന്നുന്നില്ല. പണം ചെലവഴിക്കാൻ എളുപ്പമാണ്, എന്നാൽ ചെലവഴിക്കപ്പെടുന്ന പണം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി എത്തുന്നുണ്ടോ എന്ന് പരിശോധിക്കുമ്പോഴാണ് ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കേണ്ട സാഹചര്യമുണ്ടാകുന്നത്. എക്സ്പെൻഡിച്ചറിന്റെ അടിസ്ഥാനത്തിലല്ല, അതെങ്ങനെ ചെലവഴിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിനെ വിലയിരുത്തേണ്ടത്. ഡെവലപ്മെന്റ് എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ All time record ആണ് സംസ്ഥാനം കൈവരിച്ചിരിക്കുന്നതെന്ന് ശ്രീ. കെ. എം. മാണി, തന്റെ ഇരുപതോളം പേജ് വരുന്ന രണ്ട് പ്രസംഗങ്ങളിലായി ആവർത്തിച്ച് പറയുന്നത്. ഡെവലപ്മെന്റ് എവിടെയാണ് എന്ന് പരിശോധിക്കുമ്പോഴാണ് അത്ഭുതകരമായ ചില കാര്യങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ ഒരു വർഷത്തെ കണക്ക് പരിശോധിച്ചാൽ, അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നത് 2011-12 കാലഘട്ടത്തിൽ 31% എക്സ്പെൻഡിച്ചർ ഗ്രോത്തുണ്ടായി എന്നാണ്. 2010-11-ൽ 17%-വും 2009-10-ൽ 13%-വുമാണ്. ശ്രീ. കെ. എം. മാണി എപ്പോഴും സ്വന്തമായി A+ ഇടുന്നയാളാണ്, സ്വന്തമായി മാർക്കിടുന്ന മാണി സാർ അദ്ദേഹത്തിന്റെ പ്രസംഗത്തിന് A+ നൽകിയതിൽ എനിക്ക് വിരോധമില്ല. എന്നാൽ ഈ എക്സ്പെൻഡിച്ചർ ഗ്രോത്ത്, അദ്ദേഹം നടത്തിയിട്ടുള്ള വികസന പദ്ധതികളൊക്കെ എടുത്ത് പരിശോധിക്കുമ്പോൾ ഈ സംസ്ഥാനത്തിനെയാകെ കാണുന്നതിനും വിലയിരുത്തുന്നതിനുമുള്ള ഒരു മനോഭാവം ബഹുമാന

പ്പെട്ട മാണി സാറിന് ഉണ്ടായിട്ടില്ല. പശ്ചാത്തല വികസന പദ്ധതികൾ മാത്ര മെടുത്താൽ മതി. പി.ഡബ്ല്യു.ഡി. യിൽ മാത്രം 2280 കോടി രൂപ ക്യാപ്പി റ്റൽ എക്സ്പെൻഡിച്ചറുമായി ബന്ധപ്പെട്ട് എ.എസ്. കൊടുത്തുവെന്ന് ശ്രീ. കെ. എം. മാണി സഭാരേഖകളിൽ പറഞ്ഞിട്ടുള്ളതാണ്. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ, ഏതാണ്ട് 4560 കോടിയിൽ 2280 കോടി രൂപ പി.ഡബ്ല്യു.ഡി.-ക്ക് മാത്രമായി എ.എസ്. കൊടുത്തുവെന്ന് പറയുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളെ മാത്രമായി പരിഗണിച്ചു കൊണ്ടുള്ള എ.എസ്. ആണത്. സംസ്ഥാനത്തെയാകെ സമഗ്രമായി ഉൾക്കൊള്ളുന്നതിനുള്ള ഒരു മനോഭാവം പി.ഡബ്ല്യു.ഡി.-ക്ക് കൊടുത്തി ട്ടുള്ള 2280 കോടി രൂപയുടെ എ.എസ്-നില്ല എന്ന് പറയേണ്ടി വരുന്നത് ദുഃഖകരമാണ്. പി.ഡബ്ല്യു.ഡി. തന്നെ പുറത്തിറക്കിയിട്ടുള്ള ഒരു രേഖ യിൽ വളരെ വ്യക്തമായി ഏതൊക്കെ നിയോജകമണ്ഡലങ്ങളിലാണ്; ഏതൊക്കെ പ്രദേശങ്ങളിലാണ് എ.എസ്. ഇഷ്യൂ ചെയ്തിരിക്കുന്നതെന്ന് അവർ സമ്മതിക്കുന്നുണ്ട്. ഡെവലപ്മെന്റ് പ്രവർത്തനങ്ങളെ സംബന്ധിച്ച് സൂചിപ്പി ക്കുമ്പോൾ ചില പ്രദേശങ്ങൾ പൂർണ്ണമായും അവഗണിക്കപ്പെട്ടിരിക്കുന്നു. ചില ജില്ലകളിലേയ്ക്ക് എത്തിനോക്കുന്നതിനുപോലും കഴിയാത്ത സാഹ ചര്യമാണ് 2280 കോടി രൂപയുടെ എ.എസ്സുമായി ബന്ധപ്പെട്ടുള്ളത് എന്നു ള്ളതുകൊണ്ട് തീർച്ചയായും ഇത്തരം വിഷയങ്ങൾ ഗവൺമെന്റ് ഗൗരവ മായി പരിഗണിക്കണം എന്ന അഭ്യർത്ഥന കൂടിയുണ്ട്. ഉപധനാഭ്യർത്ഥന യിൽ ഏറ്റവും കൂടുതൽ പണം ചോദിച്ചിരിക്കുന്നത് റവന്യൂ വകുപ്പാണ്. 263 കോടി 86 ലക്ഷം രൂപയാണ്. ഒരു വർഷത്തിനകം രണ്ട് മന്ത്രിമാർ റവന്യൂ വകുപ്പിലുണ്ടായി എന്നുള്ളത് ഗവൺമെന്റിനെ മാത്രം ബാധി ക്കുന്ന കാര്യങ്ങളാണെങ്കിൽപ്പോലും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇടുക്കി ജില്ലയിൽ 22-ാം തീയതി ഒരു പട്ടയമേള നടന്നു. ആ പട്ടയമേള യിൽ 4500-ലധികം പേർക്ക് പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ 263 കോടി 86 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയുടെ ഭാഗമായി റവന്യൂ

വകുപ്പുമന്ത്രി ഇവിടെ ആവശ്യപ്പെടുമ്പോൾ ഒരു വർഷത്തിനകം ഒരു ലക്ഷം പട്ടയം വിതരണം ചെയ്താൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഒരു സ്വർണ്ണമോതിരം സമ്മാനം പ്രഖ്യാപിച്ചയാളാണ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി. അന്നദ്ദേഹം അത് പ്രഖ്യാപിക്കുമ്പോൾ ഞങ്ങളും ആ യോഗത്തിലുണ്ടായിരുന്നു. പ്രധാനപ്പെട്ട രണ്ട് താലൂക്കുകളായ ദേവികുളം, പീരുമേട് താലൂക്കുകളെ ഒഴിവാക്കി 4500-ലധികം പട്ടയങ്ങൾ കൊടുത്തു. നിയമസഭയിൽ ഈ ദിവസങ്ങളിൽ നടന്നിട്ടുള്ള ചർച്ചകൾ, സബ്മിഷനുകൾ, ശ്രദ്ധക്ഷണിക്കൽ എന്നിവയൊക്കെ പരിശോധിച്ചുകഴിഞ്ഞാൽ ഒരു കാര്യം വ്യക്തമാണ്.....

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : സർ, കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് 5 വർഷംകൊണ്ട് കൊടുത്ത പട്ടയങ്ങളുടെ എണ്ണത്തേക്കാളും കൂടുതലാണ് ഈ ഒരു വർഷം കൊണ്ട് ഇടുക്കിയിൽ 22-ാം തീയതി കൊടുക്കാൻ കഴിഞ്ഞ പട്ടയം എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, ശ്രീ. റോഷി അഗസ്റ്റിൻ ആ കണക്കുകൾ ഒന്നു കൂടി നോക്കണം. ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞ കണക്ക് തെറ്റാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ മുമ്പിലുണ്ടായിരുന്ന ഏറ്റവും വലിയ തടസ്സം, വനം വകുപ്പും റവന്യൂ വകുപ്പും തമ്മിലുണ്ടായിരുന്ന തർക്കമാണ്. ആ തർക്കങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ക്യാബിനറ്റ് തന്നെ ചീഫ് സെക്രട്ടറിയെക്കൊണ്ട് സുപ്രീംകോടതിയിൽ അഫിഡവിറ്റ് കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് ഇടുക്കിയിൽ പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞത്. എന്നാൽ നമ്മുടെ മുമ്പിൽ വച്ച്, ശ്രീ. റോഷി അഗസ്റ്റിൻ ആ യോഗത്തിൽ പങ്കെടുത്തതാണ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് സ്വർണ്ണമോതിരം നൽകുമെന്ന് പറയുമ്പോൾ ശ്രീ. റോഷി അഗസ്റ്റിൻ അവിടെയുണ്ടായിരുന്നല്ലോ? ഒരു വർഷത്തിനകം എത്ര പട്ടയം

വിതരണം ചെയ്യാൻ കഴിഞ്ഞു? വിതരണം ചെയ്ത പട്ടയത്തിൽത്തന്നെ രണ്ട് താലൂക്കുകളെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു. ദേവികുളം താലൂക്കിലും പീരുമേട് താലൂക്കിലും 5 സെന്റിന്റെ ഒരു പട്ടയംപോലും വിതരണം ചെയ്യുവാൻ കഴിഞ്ഞില്ല എന്നത് ഗവൺമെന്റിന്റെ പിടിപ്പുകേടായി മാത്രമേ പറയാൻ കഴിയൂ. ഇങ്ങനെ ചില പ്രദേശങ്ങളെ മാത്രം ലക്ഷ്യം വച്ചുകൊണ്ട് നടത്തുന്ന വികസനപ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്തിന് ഗുണകരമല്ല എന്ന സൂചനയാണ് ഈ അവസരത്തിൽ പറയാനുള്ളത്. 502,09,000 രൂപ ഉപധനാഭ്യർത്ഥനയുടെ ഭാഗമായി കെ. എസ്.ആർ.ടി.സി ചോദിച്ചിരിക്കുകയാണ്. ബസ് കൺസെഷനുമായി ബന്ധപ്പെട്ട് ശ്രീ. ഷാഫി പറമ്പിൽ കഴിഞ്ഞ ദിവസം കൊണ്ടുവന്ന സബ്മിഷന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് നിയമസഭയിൽ മറുപടി പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ നിസ്സഹായവസ്ഥയെക്കുറിച്ചു പറഞ്ഞു. എനിക്കൊന്നും ചെയ്യാൻ കഴിയാത്ത സാഹചര്യമാണെന്നും ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണെന്നും പറഞ്ഞു. എന്നാൽ ഇതിനൊരു ചരിത്രമുണ്ട്. അതെന്താണെന്ന് പരിശോധിക്കാൻ ബഹുമാനപ്പെട്ട ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് തയ്യാറായിട്ടില്ലായെന്നതാണ് നിർഭാഗ്യകരം. കുട്ടികൾ പലരും സമയത്ത് വീട്ടിലെത്താൻ സാധിക്കാതെ എട്ടും ഒൻപതും മണിക്ക് വീട്ടിൽ എത്തിച്ചേരുന്ന സാഹചര്യമാണ് ഇടുക്കിയടക്കം പല ജില്ലകളിലുമുള്ളത്. ദൂരം 140 കിലോമീറ്ററിൽ കൂടുതലാണെങ്കിൽ ഫാസ്റ്റോ, സൂപ്പർ ഫാസ്റ്റോ, എക്സ്പ്രസ്സോ ആക്കി മാറ്റിയാൽ ഗവൺമെന്റ് കയ്യുംകെട്ടി നോക്കിനിൽക്കുമെന്ന് പറയുന്ന നിലപാടിനോട് യോജിക്കുവാൻ നിവൃത്തിയില്ല. കുട്ടികളെ പഠിപ്പിക്കുവാൻ നിവൃത്തിയില്ലാതെ മാതാപിതാക്കളും കുട്ടികളും ഇന്ന് പെരുവഴിയിലിറങ്ങി നിൽക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം, അതിനുശേഷം മാത്രമേ കെ.എസ്.ആർ.ടി.സി-ക്ക് കണ്ണുമടച്ച് 502,09,000 രൂപ പാസ്സാക്കിക്കൊടുക്കാൻ പാടുള്ളൂ എന്ന അഭിപ്രായമാണ്

എനിക്കുള്ളത്. ഗവൺമെന്റ് ക്രിയാത്മകമായി ഇടപെടാത്ത കാര്യങ്ങളിൽ വകുപ്പുമന്ത്രിമാർക്ക് ഉപധനാഭ്യർത്ഥന നിയമപരമായി പ്ലേസ് ചെയ്യുന്നതിനുള്ള അവകാശമുണ്ടോയെന്ന് ചോദിച്ചാൽ അതില്ലായെന്നുള്ളതുകൊണ്ട് ക്രിയാത്മകമായി ഈ വിഷയങ്ങളിൽ ഇടപെടാൻ കഴിയേണ്ടതാണ്. പല ഡിപ്പോകളിലും വമ്പൻ വികസനങ്ങൾ നടത്തുന്നതായി സഭയിൽ മന്ത്രിമാർ ആവേശത്തോടുകൂടി മറുപടി പറയുന്നുണ്ട്. ഇടുക്കിയിലും പീരുമേട്ടിലും കട്ടപ്പനയിലും കെ.എസ്.ആർ.ടി.സി. ഡിപ്പോകളുണ്ട്. അവിടെ ടയറും ട്യൂബുമില്ല, പല വണ്ടികളും കട്ടപ്പുറത്തിരിക്കുന്നു. സ്പെയർ പാർട്ട്സ് ഇല്ലാത്തതുകൊണ്ട് വണ്ടി ഓടാൻ നിവൃത്തിയില്ല. പല ഡിപ്പോയും അടച്ചുപൂട്ടേണ്ട സാഹചര്യത്തിൽ പ്രവർത്തിക്കുമ്പോൾ ചില ഡിപ്പോകളിൽ ആർഭാടമായ വികസന പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് പറയുന്നത്, സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള ഏകപക്ഷീയമായ വികസനമായി മാത്രമേ കണക്കാക്കാൻ കഴിയൂ. അതുകൊണ്ട് ഇത്തരത്തിൽ ചില പ്രാദേശിക കേന്ദ്രങ്ങൾ ലക്ഷ്യം വച്ചുകൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ നടത്തുന്ന ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. കെ. എൻ . എ. ഖാദർ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. സാമ്പത്തികമായി പുരോഗതി പ്രാപിക്കുന്നതിനും കേരളത്തിലെ സാധാരണ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും സഹായകരമായ ഉപധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനം ഇന്ത്യയുടെ ഭാഗമാണെന്നതും ഇന്ത്യ ലോകത്തിന്റെ ഭാഗമാണെന്നതും വിസ്മരിച്ചുള്ള രീതിയിൽ ഒരു സാമ്പത്തികനയവും നമുക്ക് മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുകയില്ല. ലോകത്തിനുതന്നെ വലിയ മാറ്റം വന്നിട്ടുണ്ട്, ലോക സമ്പദ്വ്യവസ്ഥ മാറിയിട്ടുണ്ട്. ലോകരാഷ്ട്രങ്ങൾ മാറിയിട്ടുണ്ട്, ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വികാസം ഉണ്ടായിട്ടുണ്ട്, ഇന്ത്യയും വലിയ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ദരിദ്രനാരായണന്മാരുടെ ഭാരതമെന്ന് ഇന്ന് പറയാൻ സാധിക്കില്ല. ലോകത്തിലെ ഏറ്റവും മികച്ച സാമ്പത്തിക ശക്തികളിൽ ഒന്നായി ഭാരതം മാറിക്കൊണ്ടിരിക്കുകയാണ്. ഈ പുതിയ മാറ്റം ലോക സമ്പദ്വ്യവസ്ഥയിൽ വന്നത് 1994 ഏപ്രിൽ മാസം 15-ാം തീയതി മൊറോക്കോയിലെ മരാക്കേഷിൽവച്ച് 116 രാഷ്ട്രങ്ങൾ ചേർന്ന് ഒപ്പുവച്ച General Agreement on Tariff and Trade എന്ന് പറയുന്ന കരാറോടുകൂടിയാണ്. ആ കരാറിന് അടിസ്ഥാനമായി ആർതർ ഡെങ്കൽ മുന്നോട്ടുവച്ച ആശയങ്ങളും കരടുരേഖയും ഉൾപ്പെടുന്ന 23000 പേജുള്ള ലോകത്തിന്റെ വലിയ സാമ്പത്തിക രേഖയാണ് General Agreement on Tariff and Trade എന്ന് പറയുന്നത്. അതിനുശേഷം ലോകത്തിന്റെ സമ്പദ് വ്യവസ്ഥതന്നെ അഴിച്ചുപണിതിട്ടുണ്ട്, ഘടനാപരമായ മാറ്റങ്ങളുണ്ടായി. ലോകത്തിലെ എല്ലാ രാജ്യങ്ങളിലെയും നിയമങ്ങളിൽ മാറ്റം വരുത്തേണ്ടിവന്നു. ആ പുതിയ ഗാട്ട് കരാറിൽ Trade Related Intellectual Property Rights (TRIPS) എന്ന് പറയുന്ന വകുപ്പാണ് ബൗദ്ധിക സ്വത്തവകാശത്തിന്റെ കാര്യത്തിൽ മാറ്റങ്ങൾ വരുത്തിയത്. ഇവിടെ നേരത്തെ നിലവിലിരുന്നത് Product based patent right

ആയിരുന്നില്ല, process based patent right ആയിരുന്നു. പ്രക്രിയാധിഷ്ഠിത മായ ബൗദ്ധിക സ്വത്തവകാശം മാറി ഉത്പന്നാധിഷ്ഠിതമായ പേറ്റന്റ് അവ കാശം വന്നു. ഇരുപത് വർഷത്തേയ്ക്ക് അതിന് ആയുസ്സ് കിട്ടി. അതു പോലെ Trade related investment measures എന്ന് പറയുന്ന മൂല ധനനിക്ഷേപ വ്യവസ്ഥകളുടെ ഭാഗമായി തീരുവ കുറച്ചു, സബ്സിഡി പോയി ഇങ്ങനെ പല മാറ്റങ്ങളും ലോകത്താകെ വന്നു; ലോകരാഷ്ട്ര ങ്ങളെല്ലാം അത് സ്വീകരിക്കുകയാണ്. 1995 ജനുവരി മാസം 1-ാം തീയതി യാണ് ലോക വ്യാപാര സംഘടനയായ വേൾഡ് ട്രേഡ് ഓർഗനൈസേ ഷൻ (WTO) നിലവിൽ വന്നത്. ഗാട്ട് കരാറിന്റെ ഭാഗമായി ഇന്ത്യ മാറിയത് 1994-ന് ശേഷമല്ല. നരസിംഹറാവുവിനെയും മൻമോഹൻസിംഗിനെയും കുറിച്ച് എല്ലാവരും പറയാറുണ്ട്. 1948 ലാണ് International Monitory Fund-Dw World Bank-Dw ഉണ്ടായത്. അന്ന് ഒപ്പുവച്ച കരാറിൽ 23 രാജ്യങ്ങൾക്ക് മാത്രമേ പങ്കാളിത്തം ഉണ്ടായിരുന്നുള്ളൂ. ആ 23 രാജ്യങ്ങളുടെ കൂട്ട ത്തിൽ ഇന്ത്യ ഉണ്ടായിരുന്നു. കമ്പോള സമ്പദ്വ്യവസ്ഥയാണ് ലോകത്തെ ഭരിച്ചുക്കൊണ്ടിരിക്കുന്നത്. കമ്പോളം കച്ചവടക്കാരും വിപണി സാധ്യതയും നിയ ന്ത്രിക്കുന്നവരാണ്. ഇറക്കുമതി കുറയ്ക്കുകയും കയറ്റുമതി വർദ്ധിപ്പിക്കുക യും ചെയ്തുകൊണ്ട് മാത്രമേ നമുക്ക് പുരോഗതി കൈവരിക്കാൻ സാധി ക്കുകയുള്ളൂ. ബഹുരാഷ്ട്രകുത്തകകളാണ് ഇന്ന് എല്ലാ കാര്യങ്ങളും ഭരി ച്ചുകൊണ്ടിരിക്കുന്നത്. ബഹുരാഷ്ട്രകുത്തകകളുടെ കൂട്ടത്തിൽ മക്ഡൊ ണാൾഡ് പോലുള്ള സ്ഥാപനങ്ങളുണ്ട്. നമ്മൾ ഭക്ഷണത്തിന്റെ കാര്യം പറ ഞ്ഞു. കേരളത്തിൽ ഭക്ഷണം വലിയ പ്രശ്നമായിത്തീർന്ന സമയമാണ്. ഭക്ഷ്യവിഷാംശങ്ങളെപ്പറ്റിയൊക്കെ പറയുന്നുണ്ട്. മക്ഡൊണാൾഡ് പോലുള്ള ഒരു ഫാസ്റ്റ് ഫുഡ് ഭീമൻ ലോകത്തിലെ 60 രാജ്യങ്ങളിൽ 3500000 ജീവനക്കാരെവച്ച് 60000-ത്തോളം ഔട്ട്ലെറ്റുകൾ നടത്തുന്നത് ഭക്ഷ്യരസതന്ത്രത്തിന്റെ വളർച്ചയും സാധ്യതയും പ്രയോജനപ്പെടുത്തി ക്കൊണ്ടാണ്. മനുഷ്യന്റെയും ലോകത്തിന്റെയും രുചിമാറ്റുന്ന രീതിയിൽ

കാര്യങ്ങൾ മാറി. ശവസംസ്ക്കാരം നടത്തിക്കൊണ്ട് കാശുണ്ടാക്കുന്ന ഒരു കുത്തക ബഹുരാഷ്ട്ര കമ്പനിയുമുണ്ട്. ശവസംസ്ക്കാരം നടത്തി കൊടുക്കുന്നതിനുവേണ്ടി എല്ലാ പ്രദേശങ്ങളിലും സ്ഥലം വാടകയ്ക്കെടുത്ത് ആ സ്ഥലത്ത് എല്ലാ വിഭാഗങ്ങൾക്കും ആവശ്യമായ രീതിയിൽ സ്റ്റാൻഡേർഡ് അനുസരിച്ച് ശവസംസ്ക്കാരം നടത്തികൊടുത്ത് കാശുണ്ടാക്കുന്ന വലിയ ഭീമൻ കമ്പനികൾ വരെ ലോകത്തുണ്ട്. ലോകത്തു വന്ന വലിയ മാറ്റത്തെ എങ്ങനെയാണ് നമ്മൾ കാണാതിരിക്കുന്നത്. റീട്ടെയിൽ കുത്തക നിക്ഷേപം, Foreign Direct Investment (FDI) മൾട്ടി ബ്രാൻഡഡായിട്ടുള്ള റീട്ടെയിൽ അനുവദിക്കില്ല. മൾട്ടി ബ്രാൻഡഡായിട്ടുള്ള റീട്ടെയിൽ കമ്പനികൾ വരാൻ പാടില്ലായെന്ന് കേരള നിയമസഭ ഏകകണ്ഠമായി കഴിഞ്ഞ ദിവസം അഭിപ്രായപ്പെടുകയുണ്ടായി. റീട്ടെയിൽ തടഞ്ഞു നിർത്താൻ സാധിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. കുറച്ചുകാലം കഴിഞ്ഞാൽ സ്വാഭാവികമായി റീട്ടെയിൽ നിക്ഷേപം കേരളത്തിലും ഇന്ത്യയിലും വരുന്ന സാഹചര്യം ഉണ്ടാകും. ഇന്ത്യാ ഗവൺമെന്റ് നേരത്തെ പത്തുലക്ഷത്തിലധികം ജനസംഖ്യയുള്ള 53 നഗരങ്ങളിൽ മാത്രമേ ഉണ്ടാക്കുകയുള്ളൂവെന്ന് പറഞ്ഞു. ജനങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായി തൽക്കാലം ഇത് തടഞ്ഞുനിർത്തപ്പെട്ടിരിക്കുകയാണ്. എന്നാലും റീട്ടെയിൽ കമ്പനികൾ വരാതിരിക്കില്ല. ബഹിരാകാശ ഗവേഷണങ്ങളുടെയും ഇൻഫർമേഷൻ ടെക്നോളജിയുടെയും ബയോടെക്നോളജിയുടെയും കാലമാണിത്. മനുഷ്യൻ ഇന്ന് പുതിയ പുതിയ മേഖലകൾ കീഴടക്കാനുള്ള പരിശ്രമത്തിലാണ്. ജെയിംസ് കാമറൂൺ എന്ന ബ്രിട്ടീഷുകാരൻ ഭൂമിയിലെ ഏറ്റവും ഏകാന്തമായ ഒരു സ്ഥലം സന്ദർശിച്ചു. പസഫിക് സമുദ്രത്തിലെ 2500 കി.മീ നീളവും 69 കി.മീ വീതിയും 11 കി.മീ ആഴവുമുള്ള രണ്ട് ഹിമാലയ പർവ്വതമിട്ടാലും കാണാൻ സാധിക്കാത്ത അഗാധമായ സുമദ്രഗർത്തത്തിലേയ്ക്ക് സ്വന്തമായി ഒരു വാഹനം നിർമ്മിച്ച് അതിൽ കയറിയിരുന്ന് അദ്ദേഹം താഴോട്ടുപോയി മൂന്നുമണിക്കൂർ ഏകാന്തതയിൽ വസിച്ചു. മനുഷ്യന്റെ തൃഷ്ണ അങ്ങനെയാണ്. അവന്റെ അഹം മുറി

വേൽക്കാതിരിക്കുവാൻ എല്ലാം കീഴടക്കണമെന്ന് ആഗ്രഹിക്കുന്ന രീതിയിലാണ്. മരിയാനട്രഞ്ചിൽ പോയ ജയിംസ് കാമറൂണിനെപ്പോലുള്ള ആളുകൾ ജീവിക്കുന്ന ലോകത്താണ് നമ്മൾ ജീവിക്കുന്നത്. ആ ലോകത്തു നിന്ന് ഇന്ത്യയേയും കേരളത്തേയും എങ്ങനെയാണ് മാറ്റി നിർത്തുക? ഇവിടെ ഇട്ടാവട്ടത്തിലുള്ള സാമ്പത്തികനയം മാത്രം ആലോചിച്ചിട്ട് കാര്യമില്ല. ക്ഷേമ രാജ്യ സങ്കൽപ്പമുണ്ടായിരുന്നത് പോയി. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ക്ഷേമരാജ്യവും, മഹാത്മാ ഗാന്ധിയുടെ രാമരാജ്യവും ഇന്ദിരാഗാന്ധിയുടെ സോഷ്യലിസവുമാണോ ഇന്ന് നമ്മൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്? ഇതിൽ മൂന്നിൽ നിന്നും ആവശ്യമുള്ളതെല്ലാം എടുത്താലും ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും എന്ന് പറഞ്ഞതുപോലെ മാത്രമേ ആവുകയുള്ളൂ. ആ സമ്പദ് വ്യവസ്ഥ ഗുണം പിടിക്കില്ല, അത് നിലനിൽക്കുകയില്ലായെന്നുള്ളത് സത്യമാണ്. എല്ലാം പൊതുമേഖലയിലാക്കുന്നത് വിജയകരമല്ലായെന്ന് ലോകം തെളിയിച്ചിട്ടുണ്ട്. അതുപോലെ എല്ലാം സ്വകാര്യമേഖലയിലാക്കുന്നതും വിജയകരമല്ലായെന്ന് ലോകം തെളിയിച്ചിട്ടുണ്ട്. ഇവിടെ ഡോ. കെ.ടി. ജലീൽ എയർ ഇന്ത്യക്കെതിരെയാണ് സംസാരിച്ചത്. ഞാൻ അത്ഭുതപ്പെട്ടുപോയി, കാരണം നമ്മളെല്ലാം അങ്ങനെയാണ് പറയുന്നത്. എയർ ഇന്ത്യ ആരുടേതാണ്? എയർ ഇന്ത്യ പൊതുമേഖലയിലാണ്. അതുകൊണ്ട് എയർ ഇന്ത്യയെക്കുറിച്ചും കെ.എസ്.ആർ. ടി.സി.-യെക്കുറിച്ചും വൈദ്യുതി ബോർഡിനെക്കുറിച്ചും വാട്ടർ അതോറിറ്റിയെക്കുറിച്ചും അഭിപ്രായമില്ല. സർക്കാർ ഉദ്യോഗസ്ഥന്മാരെക്കുറിച്ചും മതിപ്പില്ല. കാരണം, അതൊക്കെ പൊതുമേഖലയായതുകൊണ്ട് അതിന്റെ ദോഷങ്ങൾ ജനങ്ങൾ ധാരാളമായി അനുഭവിച്ചതുകൊണ്ടാണ്. അത്രയും ആക്ഷേപം മറ്റ് എയർ ലൈൻസിനെക്കുറിച്ചോ മറ്റ് വാഹന കമ്പനികളെക്കുറിച്ചോ പറയുന്നില്ല. എല്ലാം പൊതുമേഖലയിൽ അസാദ്ധ്യമാണ്, എല്ലാം സ്വകാര്യ മേഖലയിലും അസാദ്ധ്യമാണ്. ഇത് രണ്ടും ലോകത്തിന് നാശമാണ്. നമ്മളാണെങ്കിൽ വിവാദങ്ങളുണ്ടാക്കുകയാണ്. അതാണ് കേരളത്തിന്റെ സ്ഥിതി. വിവാദങ്ങൾ ഭക്ഷിച്ച് ജീവിക്കുന്ന കേരളത്തിന്റെ

രാഷ്ട്രീയ നേതാക്കന്മാർ ആരാണെങ്കിലും അവർ വിഡ്ഢികളുടെ സ്വർഗ്ഗത്തിലായിരിക്കും. ലോകം മാറിയതറിയാതെ എല്ലാം മാറ്റങ്ങൾക്കും തടയിടാൻ ശ്രമിക്കുന്ന രാഷ്ട്രീയ പാർട്ടികൾ ചരിത്രത്തിന്റെ ചവറ്റുകുട്ടയിലായിരിക്കും. ഈയാംപാറ്റകൾക്ക് വേണമെങ്കിൽ ഒരു വിളക്കിന്റെ പ്രകാശത്തിൽ സ്വയം ജ്വലിക്കാം, മരിക്കാം. വിളക്കും ഈയാംപാറ്റകൾ കെടുത്തുന്നു എന്നതാണ് നമ്മുടെ പ്രശ്നം. വിളക്ക് കെടാതെ ചെയ്യുകയാണെങ്കിൽ നമുക്ക് അഭിപ്രായ വ്യത്യാസമില്ല, വിരോധവുമില്ല. സമ്പദ് ഘടനയിൽ സേവിംഗ്സ് ഇക്കണോമിയും സ്പെൻഡിംഗ് ഇക്കണോമിയുമുണ്ട്. കേരളത്തിലെ ജനങ്ങൾ കൂടുതൽ പ്രാധാന്യം നൽകുന്നത് സേവിംഗ്സ് ഇക്കണോമിക്കാണ്. ഉള്ളത് കയ്യിൽ വച്ച് കൂമ്പാരമാക്കുക എന്നുള്ള മനോഭാവമാണ് കേരളീയർക്കുള്ളത്. മറ്റുരാജ്യങ്ങളിൽ സ്പെൻഡിംഗ് ഇക്കണോമിയാണുള്ളത്. സമ്പത്ത് ചലനാത്മകമായിത്തീരണം. സമ്പത്തിന്റെ ചലനത്തിലൂടെ മാത്രമേ മനുഷ്യജീവിതം മെച്ചപ്പെടുകയുള്ളു. സമ്പത്തിന്റെ നദി മഹാപ്രവാഹത്തിന്റെ തീരത്ത് വസിക്കുമ്പോഴാണ് ജനങ്ങൾക്ക് ഐശ്വര്യപൂർണ്ണമായ ഒരു ജീവിതം ഉണ്ടാകുന്നത്. അത് നമ്മൾ ആലോചിക്കേണ്ട ഒരു പ്രധാന പ്രശ്നമാണ്. അതിനെ അടിസ്ഥാനമാക്കിയാണ് പല പദ്ധതികളും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. എനിക്ക് പലതിനോടും വിയോജിപ്പുണ്ട്. പക്ഷേ ഭൂരിപക്ഷത്തിന് വഴങ്ങാതിരിക്കാൻ നമുക്ക് സാദ്ധ്യമല്ല. തൊഴിലാളികൾക്കുവേണ്ടി പല ക്ഷേമപദ്ധതികളും നടപ്പിലാക്കുന്നു, പെൻഷനുകൾ നൽകുന്നു, തൊഴിലില്ലായ്മ വേതനം നൽകുന്നു ഇങ്ങനെ പലതും പല തും ഗവൺമെന്റ് ഉണ്ടാക്കി കൊടുത്തതാണ്. എല്ലാം സർക്കാർ കൊടുക്കണമെന്നുള്ള ശീലത്തിന്റെ കാലമൊക്കെ പോയി. എല്ലാം സർക്കാർ കൊടുക്കുകയും അതു വാങ്ങി ശീലിച്ചവർ ആ ശീലം തുടരാനാണ് ആഗ്രഹിക്കുന്നത്. ആ ശീലത്തിന് 'മാംഗ്നാ മർനേ കി സമാൻ ഹേ' എന്നാണ് പറയുക. എന്തെങ്കിലും ചോദിച്ചു വാങ്ങുക എന്നത് മരണത്തിന് തുല്യമെന്നാണ് പറയുന്നത്. അരിയും തുണിയും പണിയും വീടും ശമ്പളവും സകലതും സർക്കാർ

കൊടുക്കണമെന്നുള്ള ഒരു പ്രവണത ഇപ്പോഴും കേരളത്തിൽ നില നിൽക്കുന്നുണ്ട്. ലോകത്തിലെ മറ്റൊരു രാജ്യത്തും അങ്ങനെയൊരു സാഹചര്യം നിലവിലില്ല. ജനങ്ങളെ സ്വയം വളരാൻ സഹായിക്കുന്ന ഇക്ക ണോമിയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. അത് എങ്ങനെഉണ്ടാ ക്കാൻ സാധിക്കും എന്നതിനെപ്പറ്റിയാണ് നമ്മൾ ആലോചിക്കേണ്ടത്. കൃഷി ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. കൃഷിയെ അടിസ്ഥാനമാ ക്കിയാണ് എല്ലാ കാര്യങ്ങളും നടക്കുന്നത്. കൃഷി സംസ്ഥാനത്തിന്റെ പരി ധിയിൽപ്പെട്ട വിഷയമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തള്ളിക്കയറ്റം മൂലം ആ പദ്ധതികൾ നന്നായി നടപ്പിലാക്കുകയും ധാരാളം ധാന്യങ്ങൾ ഉത്പാദിപ്പിക്കുകയും ചെയ്യുന്നവർ, ആ ധാന്യം കേന്ദ്രത്തിന് കൊടുക്കു മ്പോൾ മാത്രമേ കേന്ദ്രത്തിന്റെ പ്രത്യേക പരിഗണന കിട്ടുകയുള്ളു. എന്നാൽ നമ്മുടെ പഞ്ചായത്ത്രാജ് സംവിധാനമനുസരിച്ച് കൃഷി ഒരു പഞ്ചായത്തിന്റെ വിഷയമാണ്. ആരാണ് കൃഷിയുടെ നാഥൻ; അതിന് നാഥനില്ലാതായിരിക്കുകയാണ്. അത് പഞ്ചായത്തിന്റെയാണോ; കേന്ദ്രത്തി ന്റെയാണോ; സംസ്ഥാനത്തിന്റെയാണോ? കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ വിലകൊടുക്കാൻ കഴിയാത്ത പക്ഷം കൃഷിക്കാരെ കുറ്റം പറ ഞ്ഞിട്ട് കാര്യമില്ല. ലോകത്തിലെ മാനവരാശിക്ക് ആവശ്യമായ ഭക്ഷണ ത്തിന്റെ 90 ശതമാനവും ഉൽപ്പാദിപ്പിക്കുന്നത് കൃഷിയിൽ നിന്നാണ്. 10 ശതമാനം മാത്രമാണ് കടലിൽ നിന്ന് കിട്ടുന്നത്. ആ 90 ശതമാനം ഉൽപ്പാ ദിപ്പിക്കുന്ന കാർഷിക മേഖലയെ ശരിയായ രീതിയിൽ പ്രയോജനപ്പെടു ത്താൻ നമുക്ക് സാധിച്ചിട്ടുണ്ടോ? പണ്ട് ലോകം രണ്ടുമൂന്ന് ബ്ലോക്കുക ളായി തിരിഞ്ഞ കാലമുണ്ടായിരുന്നു. ഒന്ന് സോഷ്യലിസ്റ്റ് ബ്ലോക്ക്, രണ്ട് ക്യാപ്പിറ്റലിസ്റ്റ് ബ്ലോക്ക് മൂന്നാമത്തേത് മൂന്നാം ചേരി എന്നു പറയുന്ന ഒരു വിഭാഗമുണ്ടായിരുന്നു. ഇന്ന് അതെല്ലാം മാറിപ്പോയി. ഇന്ന് അത്തരം ബ്ലോക്കുകൾ നമുക്ക് വേർതിരിച്ചറിയാൻ സാധിക്കില്ല. ഇന്നത്തെ ലോകം പോകുന്ന രീതിയിൽ നിന്നുമാറി വേറൊരു വഴിക്ക് സഞ്ചരിക്കണമെങ്കിൽ വിരോധമില്ല. പക്ഷേ അതിനൊരു മാർഗ്ഗമെവിടെയാണ്?. അതിനൊരു വഴി

എവിടെയെന്ന് ആലോചിക്കണ്ടേ; ഇതൊന്നുമറിയാതെ കേരളീയർ പോയാൽ എവിടെയാണ് എത്തുക? പ്രവാചകൻമാർ ദൈവത്തോട് പ്രാർത്ഥിച്ചത്,

'ദൈവമേ ദൈവമേ നിന്നെ വെറുക്കുവാൻ മാത്രം
ഞങ്ങളെ ദരിദ്രരും
നിന്നെ മറക്കുവാൻ മാത്രം
ഞങ്ങളെ ധനികരുമാക്കരുതേ' - എന്നാണ്.

ആ പ്രവാചകൻമാരുടെ പ്രാർത്ഥനയാണ് വാസ്തവത്തിൽ നമ്മൾ സ്വീകരിക്കേണ്ട സാമ്പത്തിക നയത്തിന്റെ ആണിക്കല്ലായി വർത്തിക്കേണ്ടത് എന്നാണ് ഞാൻ കരുതുന്നത്. സാമ്പത്തിക മാന്ദ്യം മുതലാളിത്തത്തിന് ഏത് സന്ദർഭത്തിലും പ്രതിസന്ധിയുണ്ടാക്കും. സാമ്പത്തിക മാന്ദ്യം ലോകത്തുണ്ടായി. പല രാഷ്ട്രങ്ങളും സാമ്പത്തികമാന്ദ്യം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യ ആ ഘട്ടത്തിലും അൽപ്പം പിടിച്ചുനിന്നു. ഇനി ഈ സാമ്പത്തികമാന്ദ്യത്തെ മുതലാളിത്തം മറികടന്നുകൂടായ്കയില്ല. അങ്ങനെ സാമ്പത്തിക മാന്ദ്യങ്ങളിൽ അകപ്പെടുക, പ്രതിസന്ധികളിൽ അകപ്പെടുക, മറികടക്കുക എന്നുള്ള രീതിയാണ് മുതലാളിത്ത സംവിധാനത്തിനുള്ളത്. അതല്ലാതെ വേറൊരു സോഷ്യലിസ്റ്റ് സംവിധാനം എവിടെയാണ്; ഒരു മാർഗ്ഗമെവിടെയാണ്; അങ്ങനെയൊരു വേറിട്ട ആസൂത്രണ സാദ്ധ്യത നമ്മുടെ മുമ്പിലില്ലാത്തതുകൊണ്ട് ഇതിനെയൊന്നും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. കേരളത്തിലെ സമ്പദ് വ്യവസ്ഥ .മെച്ചപ്പെടണമെങ്കിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയോട് ചേർന്നുനിൽക്കണം. എന്നാൽ മാത്രമേ ആ ലക്ഷ്യം കൈവരിക്കാൻ സാധിക്കുയുള്ളൂ. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് ലോക സമ്പദ്‌വ്യവസ്ഥയോട് ചേർന്നുനിന്നാൽ മാത്രമേ മെച്ചപ്പെടാൻ സാധിക്കുകയുള്ളൂ. അത് തന്നെയാണ് ക്യൂബയിലും ചൈനയിലും മറ്റു രാജ്യങ്ങളിലും നടക്കുന്നത്. അമേരിക്ക വലിയ മുതലാളിത്ത രാജ്യമായിരിക്കാം. ലോകത്തിൽ ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന

രാജ്യം അമേരിക്കയാണ്. 1980 കോടി ബില്യൻ ഡോളറാണ് അവരുടെ കയറ്റുമതി. ഇതേസമയം ഏറ്റവും വലിയ ഇറക്കുമതിയും അമേരിക്കയിലാണ് നടക്കുന്നത്. 1948 കോടി ബില്യൻ ഡോളറാണ് അമേരിക്കക്കാരുടെ ഇറക്കുമതി. എന്നാൽ ഏറ്റവും വലിയ വ്യാപാര കമ്മി അനുഭവപ്പെടുന്നതും അമേരിക്കയിലാണ്. അമേരിക്കയിലെ വ്യാപാരകമ്മി 668 കോടി ബില്യൻ ഡോളറാണ്. അതുകൊണ്ട് അമേരിക്കൻ സമ്പദ്വ്യവസ്ഥ സുരക്ഷിതമാണെന്നല്ല ഞാൻ പറയുന്നത്. ഈ യാഥാർത്ഥ്യം വിസ്മരിച്ചാൽ നമ്മുടെ മുമ്പിൽ വേറെ എന്താണുള്ളത്? ഇന്നത്തെ ഈ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച് അതിനനുയോജ്യമായ നയം മാത്രമാണ് കേരള ഗവൺമെന്റ് സ്വീകരിക്കുന്നത്. മാണി സാർ കുറച്ചുകൂടി മാറണമെന്നാണ് ഞാൻ പറയുന്നത്. കുറച്ചുകൂടി ധൈര്യസമേതം ചില പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാകണം. പ്രതിപക്ഷ ബഞ്ചുകളിലുള്ള ആളുകൾ അനുകൂലിക്കുകയില്ല. അവർ നമ്മെ എത്ര കണ്ട് എതിർക്കുന്നുവോ അത്ര കണ്ട് നമ്മൾ ശരിയാണെന്ന് വിശ്വസിക്കണം. കാരണം അവരുടെ കാലത്ത് അവർ ചെയ്ത പ്രവൃത്തികളാണ് അവരെ പരാജയത്തിലേയ്ക്ക് നയിച്ചത്. നമ്മുടെ പ്രവൃത്തികൾ മൂലം നമ്മൾ പരാജയപ്പെടാതിരിക്കണമെങ്കിൽ അവർ ചെയ്യാത്തത് ചെയ്യാൻവേണ്ടിയാണ് കേരളത്തിലെ ജനങ്ങൾ നമ്മളെ തെരഞ്ഞെടുത്തത് എന്ന വസ്തുത വിസ്മരിക്കാൻ പാടില്ല. സ്വദേശം/ വിദേശം എന്നുകേട്ടാൽ ഉടനെ എതിർക്കുന്ന കുറേയാളുകളുണ്ട്. ചെറിയ ഒരു ഇടവേള കിട്ടിയാൽ ഉടനെ വിദേശത്ത് താമസിക്കാൻ പോകും. 15 ദിവസം അസംബ്ലി ഇല്ലായിരുന്നാൽ അപ്പോൾ ഗൾഫിലേയ്ക്ക് പോകും. കേരളത്തിനോട് അത്രയ്ക്ക് മാതൃസ്നേഹമാണെങ്കിൽ ഇവർക്ക് നാട്ടിൽ നിന്നാലെന്താണ്? അതുപോലെ വിദേശത്തുനിന്നും വരുന്നത് ഫോറിൻ ഡയറക്ട് ഇൻവെസ്റ്റുമെന്റ് മാത്രമല്ല കോടിക്കണക്കിന് രൂപയും വിദേശത്തു നിന്നും വരുന്നുണ്ട്. അതുകൊണ്ടാണ് നമ്മൾ ഊണു കഴിച്ച് ഇവിടെ കഴിയുന്നത്. അതുപോലെ

വിദേശവിദ്യാഭ്യാസത്തെക്കുറിച്ച് പറഞ്ഞു. വിദേശത്തിലെ വിദ്യാഭ്യാസം അത്ര മോശമായ കാര്യമാണോ; വിദ്യാഭ്യാസ രംഗത്ത് സ്കിൽഡായിട്ടുള്ള ആളുകളെ ഉൽപ്പാദിപ്പിക്കേണ്ടത് ആവശ്യമാണ്. എന്റെ പ്രസംഗം ഈ കാര്യത്തിൽ എത്ര ശരിയായി എന്ന് എനിക്ക് അറിഞ്ഞുകൂടാ. മുല്ല നസ്റുദ്ദീൻ പണ്ട് ഒരു മീറ്റിംഗിന് പോയി മടങ്ങി വരുമ്പോൾ ഭാര്യ ചോദിച്ചു ഇന്ന് പ്രസംഗം എങ്ങനെയുണ്ടായിരുന്നു എന്ന്. അപ്പോൾ മുല്ല പറഞ്ഞു, എന്റെ മൂന്നാമത്തെ പ്രസംഗമാണ് നന്നായത്. അപ്പോൾ മുല്ലയോട് ഭാര്യ ചോദിച്ചു, നിങ്ങൾ ഇന്ന് മൂന്ന് പ്രസംഗം നടത്തിയോ എന്ന്. ഇല്ല. ഒന്ന്, ഞാൻ പോകുമ്പോൾ എന്തു പ്രസംഗിക്കണമെന്ന് .വിചാരിച്ചുവോ ആ പ്രസംഗം. രണ്ട്, ഞാൻ ശരിക്കും ചെയ്ത പ്രസംഗം. മൂന്ന്, ഞാൻ മടങ്ങിവരുമ്പോൾ എങ്ങനെ പ്രസംഗിക്കണമായിരുന്നു എന്നു വിചാരിച്ചത്. അപ്പോൾ ആ മൂന്നാമത്തെ പ്രസംഗമാണ് നന്നായതെന്നു പറഞ്ഞു. അതുപോലെ ചിലപ്പോൾ മൂന്നാമത്തെ പ്രസംഗമായിരിക്കും നന്നായിരിക്കുന്നത്. കുഞ്ഞുണ്ണി മാഷിന്റെ കവിത ശ്രീ. സി.പി. മുഹമ്മദ് ഇവിടെ ഉദ്ധരിച്ചു. പണ്ടൊക്കെ പണി മുൻപേ കൂലി പിൻപേ എന്നു കുഞ്ഞുണ്ണിമാഷ് പറഞ്ഞിട്ടുണ്ട്. ഇന്നിപ്പോൾ കൂലി മുൻപേ പണി പിന്നെയുമില്ല എന്നുള്ളതാണ്. അതാണ് കേരളത്തിന്റെ ഒരു പ്രത്യേകത. ഞാൻ എന്തെങ്കിലും തമാശ പറയണം എന്ന് വിചാരിച്ചിരുന്നു. പക്ഷെ ഏറനാടൻ തമാശ പറയാൻ എനിക്ക് പേടിയാണ്. നടപടി വരുമെന്ന് പേടിച്ചാണ് ഞാൻ പറയാതിരുന്നത്. ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്നവരെല്ലാം ശ്രീ. വി. എസ്. അച്ചുതാനന്ദനെക്കുറിച്ചുള്ള ചർച്ചയിലാണ് ഏർപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് സാമ്പത്തിക വിഷയങ്ങളിൽ ഇടപെടാൻ അവർക്ക് ഇപ്പോൾ സാധിക്കുമെന്ന് തോന്നുന്നില്ല. കാരണം ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ പേരിൽ നടപടി എടുക്കും, അദ്ദേഹം പുറത്തുപോകും എന്നൊക്കെ പറഞ്ഞിട്ട് അവസാനം മല എലിയെ പ്രസവിച്ചു എന്നു പറഞ്ഞതുപോലെയായി. ആ പഴഞ്ചൊല്ല് കേട്ടിട്ടേയുള്ളു. ഇപ്പോഴാണ് ശരിക്കും അത് കണ്ടത്. പരസ്യശാസന കൊണ്ടു മാത്രം ഈ വിഷയങ്ങളെല്ലാം അവസാ

നിപ്പിക്കുന്ന ഒരു സാഹചര്യമുണ്ടായി. അവർ രാഷ്ട്രീയമായ തർക്കവിതർക്കങ്ങളിലൊക്കെ ഏർപ്പെട്ട് മുന്നോട്ടു പോകുകയാണ്. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഗുണകരണമായ ഒരു മുന്നേറ്റം നൽകുവാൻ ഈ ഉപധനാഭ്യർത്ഥനകൾ സഹായിക്കും എന്നുള്ളതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തിയോടെ പിന്തുണച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.